DELIMITATION COMMITTEE.

1. Sri A. Thanu Pillai
2. Sri T. M. Varghese
3. Sri C. Kesavan
4. Sri T. A. Abdulla
5. Sri A. Nesamony.

RULING RE: THE MAKING OF STATEMENTS OF POLICY BY THE GOVERNMENT DURING EVERY SESSION.

MR. PRESIDENT : In regard to the ruling asked for by Mr. A. Nesamony on Monday regarding the need for making statements of policy by the Government during every session, I give the following ruling ;—

I find that there is no provision in the Interim Constitution Act or the Rules and Standing Orders issued thereunder making it incumbent on the Leader of the House (Prime Minister) to make statements of the policy of Government during each session. There is such a practice in England. There 'motions for the adjournment are also moved by the Government at the instance of the Opposition, when it is not desired to challenge the authority of the Government but only to ventilate a subject without recording a decision of the House, and also occasionally when the Opposition wish to raise a matter of administrative policy which involves more than one department or issues too wide to be covered by a vote or group of kindred votes in supply'. Here also in the former legislature the Dewan used to make statements of policy of the Government when the House met for the first time during a session. This was under specific statutory provisions contained in the old Legislative Reforms Act, II of 1108. Vide Sections 5 (1), 6 (3) and 8. If, however, the Leader of the House wishes to make statements on behalf of the Government during any session, the Chair will have no objection in giving such permission.

LEGISLATIVE BUSINESS.

THE TRAVANCORE VERUMPATTOM HOLDERS (Stay of Eviction Proceedings) BILL—(*contd.*)

MR. A. NESAMONY : Sir, I was trying to point out that this piece of legislation does not meet with the actual demands of the people. What is wanted now is not security of the holding but it is security of the homestead. That is, an ordinary man is very particular that he should not be shifted from his homestead and left on the road with his family and all his belongings. Though this bill tries to secure for the occupant his leasehold right it does not seem to secure his homestead. If the definition of verumpattom holder is taken into consideration and the interpretation of the word immovable property is accepted, then immovable property would include both the land as well as the buildings thereon. That is to say if under clause 3 (e) lease of any building owned

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Nesamony.]

by a landlord including the house,.....and the site thereof are excluded then immovable property may be interpreted to mean only leasehold minus buildings thereon. So, that does not secure to the verumpattom holder the building in which he lives. What is now urged by me is to secure the homestead to the ordinary man. It may be pointed that such a right is secured in the other bill that comes up for consideration in the House, namely, The Travancore Prevention of Eviction Bill and not in the Verumpattom Holders' Stay of Eviction Proceedings Bill. Also the definition of 'kudikidappukaran' does not include all sorts of people who are entitled to their homestead for kudikidappukaran, means a person who has no homestead or land of his own to erect a homestead and.....There is one qualification namely land of his own to erect a homestead. So that if a squatter has another bit of land then no benefit ensures to him. So virtually it comes to this. This Bill namely the Verumpattom Holders' Bill will secure only the leasehold less the house in wnich he lives and the other legislation the Prevention of Eviction Bill would secure to the kudikidappukaran only the homestead in case he has no other piece of land. That means the land owner can force him to remove the building and erect elsewhere. Accordingly if such a contingency happens at this time it would seriously dislocate the life of the poor man and the middle class. So considering the two bills together I am of opinion that the matter does not go far enough. If the Government will consider the possibility of the two bills being committed to a select committee immediately and if the House so desires to amend the law, that would be saving the lives of many people and at the same time doing a good perhaps that one which we intend to do to the poor, in this land. So then while I support the object of this bill, I wish to bring to the notice of Government that the bill as it does not mitigate the evil which they want to prevent by this measure.

HON'BLE MR. A. J. JOHN : ഈ വെറുംപാട്ടകുടിയാൻബില്ലും പ്രിവൻഷൻ ആഫ് എവിക്ഷൻ ബില്ലും ഈ സഭയുടെ അനുമതിയുണ്ടെങ്കിൽ ഇന്നുതന്നെ സെലക്ട്കമ്മിറ്റിക്കു അയച്ചു റിപ്പോർട്ടുവരുത്തി തിങ്കളാഴ്ച പാസാക്കുന്നതിനു ഗവണ്മെൻറിനു ഒരു വിരോധവുമില്ല. ഈ ബില്ലുകൾ രണ്ടും എത്രയും വേഗത്തിൽ പാസാക്കി എടുക്കണമെന്നാണു ഗവണ്മെൻറിന്റെ ആഗ്രഹം.

MR. MANNATHU PADMANABHA PILLAI : ഈ നിയമം അത്രയുംവേഗം പാസാക്കി എടുക്കേണ്ട ഒരു നിയമമല്ലെന്നാണ് എനിക്കു പറയുവാനുള്ളത്. ഈ സഭയിലുള്ള മറ്റു മെംബറന്മാരുടെ അഭിപ്രായംകൂടി അറിഞ്ഞിട്ടു ഇതു സെലക്ട് കമ്മിറ്റിക്കു അയക്കേണ്ടതാണ്. ഇതു ഇവിടത്തെ പാരമ്പര്യത്തെയും കീഴ്നടപ്പിനെയും വിശ്വാസങ്ങളെയും ചിരപ

LIBRARY ARCHIVES Kerala Legislative Assembly

രിചിതങ്ങളായ നടപടികളെയും കവച്ചുവയ്ക്കുന്നതും അതിലംഘിക്കുന്നതുമായ ഒരു ബില്ലായതുകൊണ്ട് ഇതു ഇവിടത്തെ ജനങ്ങളെ ഗൗരവതരമായി ബാധിക്കുന്ന ഒരു ബില്ലാണെന്നു പറയാതെ തരമില്ല. അതുകൊണ്ടു ഈ ബില്ലിന്റെ വ്യാപ്തി, ഉദ്ദേശം, സാരാംശം മുതലായ കാര്യങ്ങളെപ്പറ്റി ശരിക്കു പഠിച്ചും അറിഞ്ഞും അല്ലാതെ ഇതു നിയമമാക്കിത്തീർക്കാൻ പാടില്ലാത്തതാകുന്നു. ഇവിടെ എന്തുയും വേഗത്തിൽ ഈ ബില്ലു പാസാക്കണമെന്നു ഗവണ്മെന്റു പറയുന്നതു പാവപ്പെട്ടവനെ രക്ഷിക്കാനും നന്നാക്കാനും എന്നുള്ള ലേബൽ ഒട്ടിച്ചുകൊണ്ടാണു്. ഇതു ഒരു വക സന്ന്യാസായ്മാണെന്നാണു എനിക്കു് അല്പമെ പറയാനുള്ളതു്.

ഈ രാജ്യത്തു സ്വന്തമായി വസ്തുവില്ലാത്ത ഒറ്റ പൗരൻ പോലും ഉണ്ടായിരിക്കരുതെന്നാണു് എന്റെ അഭിപ്രായം. അൻപതോ ഇരുപത്തഞ്ചോ ഇരുപതോ സെൻറു് അതായതു് എത്രയെങ്കിലും* ഒരു ക്ലിപ്തമായ പരിമിതിയിലുള്ള സ്ഥലം ഓരോ പൗരനും കിട്ടത്തക്കവണ്ണമുള്ള ഒരു വ്യവസ്ഥയാണു് ഉണ്ടാകേണ്ടതു്.

MR. K. S. JOSEPH : ശരാശരി പതിമൂന്നരസെൻറു മാത്രമേയുള്ളു എന്നറിയാമോ ?

MR. MANNATHU PADMANABHA PILLAI : എത്രയെങ്കിലുമാകട്ടേ, ഞാൻ ഇങ്ങനെയാണു് പറയുന്നതു്. പതിമൂന്നരസെൻറുള്ളതുകൊണ്ടാണു് ഫസ്റ്റ് ഏക്കർ കൈവശം വച്ചുകൊണ്ടിരിക്കുന്നതു്. എന്തായാലും ഒട്ടും വസ്തുവില്ലാത്ത മഹാമനുഷ്യനും ഉണ്ടായിരിക്കരുതെന്നാണു് കാൺഗ്രസിന്റെയും ഈ ഗവണ്മെൻറിന്റെയും ആഗ്രഹമെന്നു അവരുടെ വിജ്ഞാപനങ്ങൾകൊണ്ടു മനസ്സിലാക്കാൻ സാധിക്കും. അങ്ങനെ വസ്തുവിനെ സംബന്ധിച്ചു സ്ഥിരമായ എന്തെങ്കിലും ഒരു വ്യവസ്ഥ കൊണ്ടുവരാതെ പാവങ്ങളുടെ കണ്ണിൽ മണ്ണിടാൻ വെമ്പൽകൊള്ളുന്ന ഈ ബില്ലിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല.

MR. P. M. VARGHESE : ഒരാൾക്കു് നിർബന്ധമായിട്ടു സ്വത്തുണ്ടാക്കിക്കൊടുക്കണമെന്നുണ്ടോ ?

MR. MANNATHU PADMANABHA PILLAI : വസ്തുവില്ലാത്ത ഒറ്റയാളും ഇവിടെ ഉണ്ടായിക്കൂടാ എന്നാണു് എന്റെ അഭിപ്രായം. അപ്പോൾ അധികം വസ്തുവുള്ളവന്റേതു് ഏടുത്തു പാവപ്പെട്ടവനു് കൊടുക്കേണ്ടിവരും. ആയിരം ഏക്കർ വസ്തു കൈവശമുണ്ടെങ്കിലും കൂടിപാക്കാൻ സൗകര്യം കൊടുക്കാതെ സർവാധിപതി എന്ന നിലയിൽ ജീവിച്ചുകൊണ്ടിരിക്കുന്ന ഒരുകൂട്ടമാളുകൾ ഇവിടെയുണ്ടു്. അതേ സമയത്തു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Mannathu Padmanabha Pillai]

കിടക്കാൻ മാത്രമേ സ്ഥലമുള്ളുവെങ്കിലും സമസ്യഷ്ടിസ്ഥാനം കൊണ്ട് അതിന്റെ ഒരംശം കടിപാർക്കാൻ കൊടുത്തവന്ന് ആ വസ്തുവിന്റെ അവകാശം കൊടുക്കണമെന്ന നിയമം കൊണ്ടുവരുന്നതിനെക്കാൾ നല്ലത് ആകെയുള്ള വസ്തുവിന്റെ കണക്കെടുത്ത് ഒരു സ്ഥിതിസമത്വ വ്യവസ്ഥയിൽ വിതരണം ചെയ്യുകയാണ് ഒരു ബിൽ കൊണ്ടുവരുന്നതാണ്. അങ്ങനെ വരുമ്പോൾ ക്രൂരത അധികം കാണുകയില്ല, എല്ലാവർക്കും ഇരുപതോ, ഇരുപത്തഞ്ചോ, പതിമൂന്നരയോ സെന്റു വീതം കിട്ടുകയും ചെയ്യും.

MR. ABDUL MAJEED (*Chirayinkil III—Muslim*) : ഈ ബിൽ തൽക്കാലത്തേക്കുമാത്രമുദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നറിയാമോ ?

MR. MANNATHU PADMANABHA PILLAI : താൽക്കാലികമായി പോരാ— താൽക്കാലികമായിട്ടല്ലാതെ ഈ സഭക്കേട് നിശ്ശേഷം മാറത്തക്കവണ്ണം ശരിയായ വിധത്തിൽ തന്നെ നമുക്കു പോകണം. അതുകൊണ്ട് ഈ വിധത്തിൽ അപൂർണ്ണമായ ഒരു ബിൽ കൊണ്ടുവരാതെ ഇതു ഏക്കറിൽ കവിഞ്ഞ വസ്തു ഉടമസ്ഥത പാടില്ലെന്നുള്ള വ്യവസ്ഥയിന്മേൽ ഒരു നിയമംകൊണ്ടുവന്നാൽ പിന്നിട്ട് യാതൊരു കുഴപ്പവുമില്ല. കുളംകുഴിക്കാൻ തീരുമാനിച്ചാൽ പിന്നെ കുറെ പറിക്കുന്ന ആ രീതിയിൽ നമുക്ക് മുമ്പോട്ട പോകേണ്ടയാവശ്യമില്ല. ഇതൊന്നും ആലോചിക്കാതെ ഈ ബിൽ കൊണ്ടുവരുന്നത് ശരിയല്ല. പാട്ടം ഒഴിപ്പിക്കേണ്ട എന്നു പറഞ്ഞാലുള്ള സ്ഥിതി എന്താണ്? വസ്തു പാട്ടമേറ്റിരിക്കുന്നത് കുറെ മുതലുള്ളവരാണ്. മുതലില്ലാത്തവനെ പാട്ടമേൽപ്പിക്കുന്ന രീതി ഈ രാജ്യത്തുണ്ടോയെന്ന് നോക്കേണ്ടതാണ്. ഈ ബില്ലുകൊണ്ട് പാവപ്പെട്ടവന് ഒരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല. പാട്ടമേൽപ്പിച്ചിരിക്കുന്നവർ ആരാണെന്നു നോക്കണം. അവന് രണ്ടോ മൂന്നോ ഏക്കർ പറമ്പും അഞ്ചോ ആറോ പറ നിലവും ഒരുപക്ഷെ കാണും. എന്നാൽ അതു ഏറ്റിരിക്കുന്നത് നൂറോ ഇരുനൂറോ പറ നിലവും ഇരുപത്തഞ്ചോ അൻപതോ ഏക്കർ പറമ്പും ഉള്ളവനായിരിക്കും. ഇങ്ങനെ രണ്ടോ മൂന്നോ ഏക്കർ പറമ്പുള്ള എന്റെ വസ്തു പാട്ടത്തിന് ഏറ്റിട്ട് അവനെ ഒരു സുപ്രഭാതത്തിൽ വെളിയിൽ പറഞ്ഞയയ്ക്കുന്നതിനുള്ള ഒരേർപ്പാടാണിത്. ഇങ്ങനെ പാട്ടക്കാരനെ ഇടത്തരം മുതലാളിയാക്കി മേൽപ്പോട്ടുകൊണ്ടുപോയാൽ വസ്തു ഉടമസ്ഥന്മാർ പാപ്പരായിപോകുമെന്നുള്ളതിൽ സംശയമില്ല. അതാണ് ഇതുകൊണ്ടുണ്ടാകാൻ പോകുന്ന ഫലം. മറ്റൊരു കാര്യം ആലോചിക്കാം. ഒരേക്കർ പറമ്പും ഒരു വീടുമുള്ള് ഒരുദ്യോഗസ്ഥൻ തന്റെ വസ്തു പാട്ടമേൽപ്പി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ട് ഉദ്യോഗസ്ഥലത്തു താമസിക്കുന്നു. ഫ കൊല്ലത്തെ ഉദ്യോഗത്തിനു ശേഷം തിരിച്ചു വീട്ടിൽ വരുമ്പോൾ പാട്ടക്കാരൻ വസ്തു ഉടമസ്ഥനും വസ്തു ഉടമസ്ഥൻ പാപ്പരും ആയിത്തീരുന്ന കാഴ്ചയാണു് നാം കാണാൻ പോകുന്നതു്. പ്രധാനമന്ത്രി തന്നെ വസ്തുവിൽനിന്നു കുടിയിറക്കാൻ വന്നാൽ ഇറങ്ങിക്കൊടുക്കരുതെന്നു് പൊതുജനങ്ങളോടു് പറഞ്ഞിട്ടുണ്ടു്. നിയമം വരുന്നതിനു മുമ്പുതന്നെ അതു പറഞ്ഞു കഴിഞ്ഞു. നിയമം വരാൻപോകുന്നു, ആരും ഇറങ്ങരുതെന്നു. സ്വന്തം വസ്തുവും വീടും പാട്ടത്തിനു കൊടുത്തശേഷം പാട്ടമെഴുപ്പിക്കാൻ ചെല്ലുമ്പോൾ സ്ഥാനം വഴിയിലാണെന്നു പറയുന്ന ഒരു ഏർപ്പാടാണു് ഇതുകൊണ്ടുണ്ടാകുന്നതു്. അധികവും പാട്ടമേറിരിക്കുന്നതു് ഞാനറിയുന്നിടത്തോളം പല പ്രദേശങ്ങളിലും ആയിരവും അഞ്ഞൂറും പറനിലം ഉള്ളവരാണു്. പന്ത്രണ്ടും ഇരുപതും കൊല്ലം കരു പ്രമാണം പോലുമില്ലാതെ അവർ വസ്തു കൈവശം വച്ചു് അനുഭവിക്കുകയായിരിക്കും. ഞങ്ങളുടെ നാട്ടിൽ ഇങ്ങനെ പാട്ടമേറിട്ടുള്ള ആളുകളിൽ ഒരുലക്ഷം രൂപാവരെ സ്വത്തുകാരുണ്ടു്. ൨,൦൦൦ പറ നെല്ലു കിട്ടേണ്ട ജന്മിക്കു് സ്വന്തഭൂമിയിൽനിന്നു പതിരുപ്പെടെ കിട്ടുന്നതു് ഇരുന്നൂറോ അഞ്ഞൂറോ പറ നെല്ലായിരിക്കും. അങ്ങനെ ലാഭവും അധികാരവും സംതൃപ്തിയും സമ്പാദിച്ചുറച്ചിരിക്കുന്ന ഇടത്തര മുതലാളിയുടെ പള്ളവീർപ്പിക്കാനാണു് ഈ ബിൽ. ജന്മി എന്നു പറയുന്ന ആൾ യഥാർത്ഥത്തിൽ ഒരു ഞാഞ്ഞൂൽ പോലെയായിപോകും. അവൻ ഈ സ്വത്തെല്ലാം ഈ തടിച്ചു വീർത്തിരിക്കുന്ന ആൾക്കു് വിട്ടുകൊടുക്കണമെന്നാണു് ഈ പാട്ടക്കുടിയാൻ വ്യവസ്ഥകൊണ്ടു് സൂചിപ്പിക്കാൻ പോകുന്നതു്. ഈ വിധം ഇത്ര ധൃതഗതിയിൽ പൂച്ച പാൽകുടിക്കുന്നതുപോലെ ഇതു ചെയ്യുന്നതു് എന്തിനാണെന്നു് രാജ്യത്തോടു് ഉത്തരം പറയേണ്ട കടമ ഈ സഭക്കുണ്ടു്. ഈ ബിൽ സാധുക്കൾക്കു് പ്രയോജനപ്പെടുമായിരുന്നെങ്കിൽ ഞാൻ പരിപൂർണ്ണമായി അതിനോടു യോജിക്കുമായിരുന്നു. എന്നാൽ സാധാരണക്കാരനു് — സാധുക്കൾക്കു് — പ്രയോജനമൊന്നുമില്ലാതെ അവരുടെ പേരിൽ കുഴപ്പമുണ്ടാക്കാൻവേണ്ടി മാത്രമാണു് ഇതുകൊണ്ടുവന്നിരിക്കുന്നതു്. അതുകൊണ്ടാണു് ഞാൻ ഇതിനെ എതിർക്കുന്നതു്. സാധുക്കൾക്കു് വസ്തുകൊടുക്കാനെന്നുള്ള ഭാവത്തിലാണു് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതെങ്കിലും അവർക്കു കൊടുക്കേണ്ട രീതിയിൽ കൊടുക്കാൻ വ്യവസ്ഥയില്ലാത്ത ഒരു നിയമമായതുകൊണ്ടാണു ഞാൻ ഇതിനെ എതിർക്കുന്നതു്. ഇവിടത്തെ ഗവണ്മെൻറു് സ്വീകരിച്ചിട്ടുള്ള തത്വം എന്താണെന്നു ഞാൻ പറഞ്ഞു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Mannathu Padmanabha Pillai]

തത്വമൊക്കെകൊള്ളാം; എന്നാൽ അതിനുള്ളിൽ എന്താണുള്ളതെന്നും കൂടി നാം മനസിലാക്കണം. എല്ലാവക്കും വസ്തു കൊടുക്കണം. ഏറ്റവും കുറഞ്ഞതും കൂടുതലും ഇന്നതായിരിക്കണം. ഇങ്ങനെയുള്ള ഒരു വ്യവസ്ഥയിൽ ബിൽ ഗവണ്മെൻറ് കൊണ്ടുവന്നാൽ നിശ്ചയമായും ഇന്നത്തെ ഗവണ്മെൻറിനു പിൻതുണനിൽക്കുന്ന വക്കീൽ—അതായത് 'മുതലാളി പൗരോഹിത്യവർഗ്ഗീയകൂട്ടുകെട്ടുള്ള' ഗവണ്മെൻറിന് പത്തുണ്ടുള്ളിൽ കാണാവുള്ള ആ ഏർപ്പാടുകാർ ആ തരത്തിലുള്ള ഒരു ബിൽ കൊണ്ടുവന്നാൽ ഈ ഗവണ്മെൻറിനെ ഉടൻ തട്ടിമറിച്ചു തിരിപ്പണമാക്കുമെന്നുള്ളതിനു പക്ഷാന്തരത്തിനവകാശമില്ല. ആ ഭയംകൊണ്ടു അങ്ങനെ ഒരു ബിൽ കൊണ്ടുവന്നില്ലെന്നല്ലാതെ അതാവശ്യമല്ലെന്ന് ഗവണ്മെൻറ് ധരിക്കുന്നുവെന്നു ഞാൻ വിചാരിക്കുന്നില്ല. മുതലാളിയെ അൽപ്പമെങ്കിലും ബാധിക്കാതെ പത്തും അയ്യായിരവും ഏക്കർ വസ്തുക്കളുള്ള ആ മുതലാളിയുടെ വൃക്ഷത്തിൻറെ ഒരിലപോലും അനക്കാതെ സമുദായവും പരിഷ്കാരവും മറ്റു സാഹചര്യങ്ങളും അതേപടി പാലിക്കാനാണ് ഈ നിയമത്തിൻറെ ഉദ്ദേശ്യമെങ്കിൽ അതിനെ രാജ്യസ്നേഹമുള്ളവക്കും സാധുക്കളോട് സ്നേഹമുള്ളവക്കും എതിർക്കാതിരിക്കാൻ സാധ്യമല്ല.

ഇനി ഒന്നു പറയാനുള്ളതു് ഇതു് പണക്കാരെ മുഴുവൻ ഒന്നുപോലെ ബാധിക്കുന്നതാണെന്നുള്ളതാണ്. എല്ലാ സമുദായത്തിലും പണക്കാരും വൻകിട മുതലാളിമാരുമുണ്ട്. എല്ലാ സമുദായങ്ങളിലും പാവപ്പെട്ടവരുമുണ്ട്; അതുകൊണ്ട് പൊതുവിൽ ബാധിക്കുന്നതാണ്; ആ കാരണത്താൽ എതിർക്കുന്നതു ശരിയാണോ എന്നു ചോദിക്കും. ഏതു സ്ഥലമുണ്ടെങ്കിലും പാട്ടത്തിനുകൊടുക്കാത്ത ഒരു വിഭാഗക്കാരുണ്ട്. ഒന്നുമില്ലെങ്കിലും ഉള്ള വസ്തു പാട്ടത്തിനു കൊടുത്തിട്ടു അതിൽനിന്നു കിട്ടുന്നതുകൊണ്ടുമാത്രം ജീവിക്കുന്ന ഒരു കൂട്ടരുമുണ്ട്. (ചിരി)

MR. THARIATHU KUNJITHOMMAN : അതാരാണെന്നു പറയാൻ ഭയമുണ്ടാകുമോ?

MR. MANNATHU PADMANABHA PILLAI : അതു് പറയാൻ അറിയാൻ പാടില്ലാത്തതുകൊണ്ടല്ല പറയാഞ്ഞതു്. കാൺഗ്രസ്സിനകത്തു് വർഗ്ഗീയം പറഞ്ഞാൽ അതു് നന്നല്ലെന്നു കാൺഗ്രസ്സുപാർട്ടി പറയും. പാട്ടത്തിനുകൊടുക്കുന്നതു് നായരും നമ്പൂരിയും തമ്പുരാനുമാണ്. കൊടുക്കാതെയിരിക്കുന്നതു് എൻറെ മുറ പാട്ടമുള്ളവരുമാണ്.

MR. P. M. VARGHESE : ആ ഉത്തരം വ്യക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. MANNATHU PADMANABHA PILLAI : കുസ്തീകാനികരം.

MR. P. M. VARGHESE : പുറമിരിക്കുന്നവരെല്ലാം കുസ്തീകാനികളാണോ ?

MR. MANNATHU PADMANABHA PILLAI : കുറേപ്പേരൊഴിച്ചു ബാക്കിയുള്ളവരെല്ലാം. ഇവിടെ മുമ്പ് ആവശ്യപ്പെട്ടതുപോലെ ബില്ലിന്റെ നാം വായന കഴിഞ്ഞിട്ട രണ്ടാംവയന നടത്തിയാലും എനിക്ക് വിരോധമില്ല. ആവശ്യത്തിലധികം വസ്തുവുള്ള വൻകിട മുതലാളിമാരെ ബാധിക്കാതെയും അൽപമോത്രം വസ്തുവുള്ളവൻ പാട്ടത്തിനു കൊടുത്തുപോയി എന്ന കാരണത്താൽ അവനെ പാപ്പരാക്കയും ചെയ്തക്കവണ്ണം ഒരു സന്ദർഭായത്തിൽ കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിനെ രാജ്യസ്നേഹമുള്ളവൻ എതിക്കുമെന്നാണ് എന്റെ അഭിപ്രായം. ഇതു് ഞാൻ വീണ്ടും ഈ സഭയിലെ മെമ്പറന്മാരോട് പറയുന്നു. ഈ ബില്ലിലെ വ്യവസ്ഥകരംതന്നെ പല വിധത്തിൽ ബലഹീനമാക്കാൻ ശ്രമിച്ചിട്ടുണ്ട്. വൻകിടമുതലാളിമാരുടെ വസ്തുക്കളൊന്നും തൊടാതേയും അൽപസ്വൽപമുള്ളവന്റെയും നൂറാണ്ടുകാലം മുതൽ ഏറ്റവും കുറഞ്ഞ നിരക്കിനു പാട്ടംകൊടുത്തിരിക്കുന്നവന്റെയും വസ്തുക്കളെ സ്പർശിക്കത്തക്കവണ്ണം ഉള്ള കരുതലോടുകൂടിയുമാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതു് എന്നു ഈ സഭയിലെ സാമാജികന്മാരെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

MR. A. CHIDAMBARA NATHA NADAR : இந்த Bill வருவதினால் மெம்பருக்கு ஏதாவது அபாயமுண்டா ?

MR. MANNATHU PADMANABHA PILLAI : எனக்கு கொஞ்சமும் இல்லை.

MR. A. CHIDAMBARA NATHA NADAR : இந்த Bill வருவதினால் மெம்பர் அவர்களுக்கு ஏதாவது அபாயமுண்டா என்று தான் கேட்கிறேன்.

MR. MANNATHU PADMANABHA PILLAI அது தான். ஒன்றுமில்லை. Road வழியே போவது வருவது தான். எனக்கு 13½ Cent தான் இதனால் கிடைக்கும். வேறு வஸ்துவோ, பூமியோ ஒன்றுமில்லை. இതെല്ലാം അറിയാം. ഇംഗ്ലീഷുമാത്രം അറിഞ്ഞുകൂടാ.

MR. T. A. MOIDEEN KUNJU : ചെറിയ മുതലാളിമാരും വലിയ മുതലാളിമാരും തമ്മിൽ ഇങ്ങനെ വഴക്കടിച്ചുകൊണ്ടിരുന്നാൽ കിടക്കാൻ ഇടമില്ലാതെ വലയുന്നവരുടെ രക്ഷക്ക് എന്തു നിർദ്ദേശമാണ് നൽകാനുള്ളതു്.

MR. MANNATHU PAAMANABHA PILLAI : ചാവപ്പെട്ടവന്റെ രക്ഷയ്ക്കു വേണ്ടി അധികം വസ്തുവുള്ളവന്റെ കൈയിൽനിന്നു എടുത്തു് പാവപ്പെട്ടവക്കു സ്ഥിതിസമതാടിസ്ഥാനത്തിൽ പതിമൂന്നരസെന്റോ ഇരുപത്തഞ്ചുസെന്റോ എത്രയെങ്കിലും വീതം കൊടുത്തു രക്ഷനൽകണമെന്നാണ് ഈ മെമ്പറുടെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

MR. T. A. MOIDEEN KUNJU : അങ്ങനെ ഒരു വ്യവസ്ഥ വരുന്നതു് അറിഞ്ഞുകൊണ്ടു് മുതലാളിമാർ കുടിയിറക്കു തുടങ്ങിയിരിക്കുന്നസ്ഥിതിക്കു ഉടൻ അതിനു് ഒരു പരിഹാരം നിർദ്ദേശിക്കേണ്ടതല്ലേ? അവർക്കു് കിടക്കാനെങ്കിലും ഇടം നൽകേണ്ടതല്ലേ?

MR. MANNATHU PADMANABHA PILLAI : കുടിയിറക്കുന്നതിനെ ഭയപ്പെടേണ്ട എന്നാണു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി പറഞ്ഞിട്ടുള്ളതു്. ഞാൻ പറഞ്ഞ വ്യവസ്ഥ സ്വീകരിച്ചാൽ കുടിയിറക്കു ഭയപ്പെടേണ്ടി വരികയില്ല. അഥവാ സിവിൽ കോടതി മുഖാന്തിരം കുടിയിറക്കു് തുടങ്ങിയാൽ നമുക്കെല്ലാവർക്കുംകൂടി പടിക്കു പുറത്തിറങ്ങി വഴിയിൽ നിന്നാൽ മതി.

MR. T. A. MOIDEEN KUNJU : സർ, ഇന്നു വെള്ളിയാഴ്ച ദിവസമാണു്.

MR. PRESIDENT : സഭ ഇപ്പോൾ പിരിയുന്നതും വീണ്ടും രണ്ടു മണിക്കു് കൂടുന്നതുമാണു്.

The House adjourned at 12-30. P. M. and reassembled at 2-30 P. M. with the President (The Hon'ble Mr. R. V. Thomas) in the Chair.

MR. MANNATHU PADMANABHA PILLAI : സർ, ഈ ബിൽ പൊതുവെ ബാധിക്കുന്ന രീതിയിലല്ല തയ്യാറാക്കികൊണ്ടു വന്നിട്ടുള്ളതെന്നു ഞാൻ വ്യക്തമാക്കിക്കഴിഞ്ഞു. ഇവിടെ സകലതും ജനസംഖ്യാനുപാതിക ന്യായേന നടത്തണമെന്നുള്ള അഭിപ്രായമാണുള്ളതു് ഉദ്യോഗമായാലും നിയമസഭാപ്രാതിനിദ്ധ്യമായാലും എല്ലാം ജനസംഖ്യാനുപാതികന്യായമാണു നാമിപ്പോൾ സ്വീകരിക്കുന്നതു്. അതനുസരിച്ചു പാവപ്പെട്ടവനു വേണ്ടിയാണു് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതെങ്കിൽ.....

MR. K. RAMAKRISHNAN ACHARI (*Nedamangad II—Kammala*) : എല്ലാവർക്കും അങ്ങനെ ലഭിക്കുന്നുണ്ടോ?

MR. MANNATHU PADMANABHA PILLAI : അതെക്കുറിച്ചു എനിക്കറിഞ്ഞുകൂടാ. പാവപ്പെട്ടവനു് വേണ്ടിയാണു് ഈ ബില്ലെങ്കിൽ ഇതു മുക്കറിൽ കൂടുതൽ ആക്കം കൈവശം വച്ചുകൂടാ എന്നു വ്യവസ്ഥചെയ്യണം. വസ്തു പാവപ്പെട്ടവനും കിട്ടത്തക്കവണ്ണമുള്ള ഒരു തോതു നിശ്ചയിച്ചാൽ അതിൽ ഒരന്യായവും ഇല്ലെന്നു വെളിവാകും. ആ ന്യായമെങ്കിലും സ്വീകരിക്കുന്നപക്ഷം ഈ ബിൽ ഇങ്ങനെയാകാൻ പാടില്ല. ഒരു ദേശീയപത്രമാണെന്നു സ്വയം അഭിമാനിക്കുന്ന മലയാള മനോരമ തങ്ങളാണു് ഗവണ്മെൻറുനയം സ്വീകരിക്കുന്നതെന്നു ഭാവിക്കാറുണ്ടു്. ആ പത്രം കുടിയിറക്കുബില്ലിനു പ്രതികൂലമായും വെറുംപാട്ട

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിനു അനുകൂലമായും മുഖപ്രസംഗം എഴുതിയിരിക്കുന്നതായികണ്ടു. പാവപ്പെട്ടവനുവേണ്ടിയാണെന്നു പറയുന്ന കടിയിറക്കബിൽ മാറ്റി വച്ചിട്ടു പാട്ടബിൽ മുന്നോട്ടുകൊണ്ടുവന്നിരിക്കുന്നതിന്റെ ഉദ്ദേശ്യതത്വം മനസ്സിലാകുന്നില്ല.

MR. K. A. MATHEW : ആ ബില്ലും ഈ നിയമസഭയുടെ ചർച്ചക്കായി അജണ്ടയിൽ കൊള്ളിച്ചിട്ടുണ്ടെന്നുള്ള വിവരം അറിയാമോ?

MR. MANNATHU PADMANABHA PILLAI : അറിയാം. എന്നാൽ പാട്ടബിൽ അത്യാവശ്യം കൊണ്ടുവന്നിരിക്കുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. അജണ്ടയിൽ നേരെ തിരിച്ചാണു്. എങ്ങനെയെങ്കിലും ഇതു പാസ്സാക്കിക്കൊണ്ടുപോകുമെന്നുള്ള അഹങ്കാരത്തോടെ ഏറുകൊണ്ടു് പോന്നിട്ടുള്ള ലക്ഷണമാണു് ഇതുകൊണ്ടു തോന്നുന്നതു്.

MR. P. M. VARGHESE : കടിയിറക്കബിൽ വ്യവസ്ഥകൾ ലഘുവായിട്ടല്ലേ വച്ചിരിക്കുന്നതു്?

MR. MANNATHU PADMANABHA PILLAI : അതു് പാവപ്പെട്ടവരെ ബാധിക്കുന്നതാണു്. പാട്ടബില്ലിനു മുൻഗണനകൊടുത്തു കൊണ്ടുവന്നിരിക്കുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. ഈ ബില്ലിൽ നിയമത്തിന്റേയോ നീതിയുടേയോ യുക്തിയുടേയോ ഒരംശംപോലും ഇല്ലെന്നു അതിന്റെ ഏതെങ്കിലും ഭാഗം പരിശോധിച്ചാൽ വ്യക്തമാകുന്നതും ബോധ്യമാകുന്നതുമാണു്. പണംകൊടുത്തു വാങ്ങിയതോ അല്ലെങ്കിൽ പ്രയത്നിച്ചുണ്ടാക്കിയതോ ആയ വസ്തു അവനു് അനുഭവിക്കാമെന്നു വിചാരിച്ചാണു് സമ്പാദിക്കുന്നതു്. പാട്ടം ഒന്നും കിട്ടിയില്ലെങ്കിലും വസ്തുവെങ്കിലും കൈവശപ്പെടുത്താമെന്നു ഉദ്ദേശിക്കുന്ന വസ്തുടമസ്ഥനു ഒരു ദിവസം നേരം വെളുക്കുമ്പോൾ വസ്തുവിൽ ഒരവകാശവുമില്ല എന്ന ഒരു സ്ഥിതി വന്നാൽ അതു കഷ്ടമാണു്. അതേസമയത്തു് പണം മുടക്കാതെയും പ്രയത്നം ചെയ്യാതെയും പാട്ടത്തിന്റെ ഒരംശം മാത്രം കൊടുത്തും ചിലപ്പോൾ ഒട്ടും കൊടുക്കാതെയും ഒടുവിൽ വസ്തുടമസ്ഥനായിത്തീരുന്നതിനുള്ളതാണു് ഈ ബിൽ. ഒരു ഇന്ദ്രജാലവിദ്യപോലെയാണു് ഒരുകോടി രൂപയുടെ വസ്തു ഈ ബിൽമൂലം കൈമാറപ്പെടുന്നതു്. ഇതുവരെ പാട്ടമേറ്റു് ലാഭമെടുത്തതിനും പുറമേ തനിക്കില്ലാത്ത സ്ഥിരാവകാശംകൂടി കൈവശപ്പെടുത്തി ഒരു കോടി രൂപയുടെ സമ്പത്തുകാരനാകാനുള്ള സാഹചര്യം ഈ ബിൽ സൃഷ്ടിക്കുന്നു.

MR. K. A. GANGADHARA MENON (*Nedumangad I—General*) : ഈ ബില്ലു് ഒരു കൊല്ലത്തേയ്ക്കുമാത്രമേയുള്ളുവെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. MANNATHU PADMANABHA PILLAI : അറിയാം. ഞാട്ടും ഒരു കൊല്ലത്തേയ്ക്കു കൊണ്ടുവന്നാൽ പിന്നെ നിറ്റാമെന്നുമറിയാം. മാത്രമല്ല സാധുക്കർക്കു വേണ്ടിയെന്നു പറഞ്ഞു മുമ്പോട്ടു കൊണ്ടുവന്നിരിക്കുന്ന ഈ ബിൽ പിൻവലിക്കാനും സാധ്യമല്ലെന്നാണു് ഞാൻ മനസ്സിലാക്കീട്ടുള്ളതു്. ഒരുകൊല്ലത്തേക്കെന്നുപറയുന്നതു് ആളുകളുടെ കണ്ണിൽ മഷി എഴുതാൻവേണ്ടിയാണു്. ഇപ്പോഴെ സത്യം പറഞ്ഞാൽ മതിയായിരുന്നു. വസ്തു പാട്ടക്കാക്കു സ്ഥിരമായി കൊടുക്കാൻ ഞങ്ങൾ തീരുമാനിച്ചുകഴിഞ്ഞു എന്നു പറഞ്ഞാൽ. ഇപ്പോഴെ വസ്തു ഉടമസ്ഥന്മാർ ഇറങ്ങിപ്പോയ്ക്കൊള്ളും. നേരേമറിച്ചു് തൽക്കാലത്തേക്കു എന്നു പറഞ്ഞാൽ അതു പാട്ടനിരോധനമാണു. ഭാവിയിൽ വസ്തു ഉടമസ്ഥനു് ഇല്ലെന്നാണു് അതിന്റെ അർത്ഥം. പാട്ടം കൊടുത്തില്ലെങ്കിൽ ഉടമസ്ഥന്റെ ഗതി എന്താണു്? ഒറ്റി കൊടുക്കുന്നതുപോലും വസ്തു ഒഴിപ്പിക്കുമെന്നുദ്ദേശിച്ചാണു്. വേറൊന്നു പറയാനുണ്ടു്. തെക്കേടത്തു ഭട്ടതിരി, മുതലായി വലിയ ജന്മിമാരുടെ വമ്പിച്ച ട്രസ്റ്റത്തു് പണ്ടേക്കാലം മുതൽ പാട്ടത്തിനു കൊടുത്തിട്ടുള്ളവയാണു്. പാട്ടം ആണ്ടുതോറും മാറുന്ന സമ്പ്രദായം അവക്കില്ല. ഒരു കുടിയാനു പാട്ടംകെട്ടിയാൽ പത്തും നൂറും കൊല്ലംവരെ തുടർന്നുകൊണ്ടുപോകും. മിക്കപ്പോഴും ശരിയായ പാട്ടം പോലും കിട്ടുകയില്ല എങ്കിൽ പോലും പൊളിച്ചെഴുതാതെയാണു് അവർ പാട്ടത്തിനു വസ്തുക്കൾ കൊടുക്കുന്നതു്. അങ്ങനെയിരിക്കുമ്പോൾ വസ്തുവിന്റെ സ്ഥിരാവകാശംകൂടി പാട്ടക്കാരൻ അനുഭവിക്കാൻ പോകുന്ന ഒരു ബില്ലാണിതു്. ഈ പാട്ടക്കാരൻ അനേക ലക്ഷം രൂപയുടെ വസ്തു ഉടമസ്ഥനാണു്. പാട്ടം ഒഴിപ്പിക്കാൻ പാടില്ലാത്ത ഈ വ്യവസ്ഥ കൊണ്ടുവന്നാൽ ഈ വലിയ ജന്മിക്കു് ഒരു നേരത്തെ ആഹാരത്തിനു പോലും വക കാണുകയില്ല. ഇന്നാണെങ്കിൽ അഞ്ചും ആറും ലക്ഷം രൂപാ അവക്കു വേണമെങ്കിൽ കടം കിട്ടും. പിന്നീടു് അതുമല്ല മേലിൽ പുറത്തേക്കിറങ്ങുവാൻ പോലും നിവൃത്തിയില്ലാത്തവിധം ഒരു പാപ്പരത്വമായിരിക്കും ആ ജന്മിമാർക്കുണ്ടാകുന്നതു്. ആ ഏർപ്പാടുകൂടി ഈ ബിൽ നിയമമായാൽ വരും. പാട്ടക്കാരൻ വേണമെങ്കിൽ ഈ വസ്തുക്കളെല്ലാം എടുത്തുകൊള്ളട്ടെ വിരോധമില്ല. അതിന്റെ വിലയെങ്കിലും കൊടുക്കണമെന്നു പറഞ്ഞാൽ മതിയായിരുന്നു. വിലയുമില്ല. അവകാശവുമില്ല. കൈവശമുള്ള വസ്തു നഷ്ടപ്പെടുകയും ചെയ്യും. വസ്തു ഉടമസ്ഥനെ ഒന്നുംകൊടുക്കാതെ ഇറക്കിവിടുന്ന ഒരു നിയമം എഴുതിയുണ്ടാക്കിയിട്ടു് നാട്ടിൽ കിടക്കുന്ന ആളുകൾ അതിന്റെ ഉത്തരഫലം അനുഭവിക്കണമെന്നാണു് ഇതുകൊണ്ടു വരാൻപോകുന്നതു്.

MR. ABDUL MAJEED : എത്രമണിക്കൂർ സംസാരിക്കാമെന്നാണു് സർ?

LIBRARY ARCHIVES Kerala Legislative Assembly

MR. MANNATHU PADMANABHA PILLAI : അതു ചട്ടത്തിലില്ല. അതു കൊണ്ടു് ഇതു പെട്ടെന്നു ജനങ്ങളുടെ ഇടയിൽ ഇതുസംബന്ധിച്ചുള്ള അഭിപ്രായഗതിപോലും അതിനെക്കുറിച്ചു് ഒരന്വേഷണംപോലും നടത്താതെ ഇതു പാസാക്കിക്കൊള്ളണമെന്നു പറയുന്നതു് ശരിയായ നടയ്ക്കരണമുമതല വഹിക്കുന്നവർക്കു പറ്റിയതാണെന്നു പറയാൻ നിവൃത്തിയില്ല. ഇതു് ഒരു അന്യായമെന്നു പറഞ്ഞാൽ പോരാ. ഒരക്രമമാണെന്നുവേണം പറയാൻ. വസ്തു ഉടമസ്ഥനെ പെട്ടെന്നു ഒരു ദിവസം കാലത്തു ഇറക്കിവിടാനുള്ള ഈ നിയമത്തിന്റെ മൂന്നാംവായനകൂടി ഇന്നു വേണമെന്നു പറഞ്ഞുകേട്ടു. ഇതുസംബന്ധമായ പൊതുജനാഭിപ്രായം അറിയാതെ ഇതു പാസാക്കിയാൽ വസ്തു ഉടമസ്ഥന്മാരെല്ലാം പാപ്പരന്മാരും പാട്ടക്കാർ യജമാനന്മാരുമായി ഭവിക്കുന്നതുകാണാം.

MR. P. M. VARGHESE : നാട്ടിലെ ജനങ്ങളുടെ അഭിപ്രായമല്ലേ ഈ ഹൗസിൽ പറയുന്നതു്?

MR. MANNATHU PADMANABHA PILLAI : അല്ല. ഫലം പേരുടെ അഭിപ്രായമാണു്. അതൊന്നു അന്വേഷിക്കണം. അപ്പോൾ കാണാം.

MR. P. M. VARGHESE : പിന്നെ കണ്ണുമടച്ചുണ്ടോ ഇങ്ങോട്ടു പോന്നതു് ?

MR. MANNATHU PADMANABHA PILLAI : കണ്ണടക്കുന്നതു് ഏർപ്പാടു് എന്റെ സ്നേഹിതനെയുള്ളു. എനിക്കില്ല. അതുകൊണ്ടു് ഈ ബിൽ പൊതുജനഹിതം നോക്കാതെ എങ്ങനെയെങ്കിലും പാസ്സാക്കിച്ചു് മുമ്പോട്ടുകൊണ്ടുപോകുന്നതു കണ്ടുകൊണ്ടു് രാജ്യസ്നേഹികൾക്കു് ഇരിക്കാൻ സാധ്യമല്ല. ഒരു വലിയവിഭാഗം ആളുകൾ ഈ ബിൽ നിയമമാക്കുന്നതോടുകൂടി കമ്മ്യൂണിസ്റ്റുകാരാകത്തക്കവണ്ണം ആയിപ്പോകും. ഒന്നുമില്ലാതെ സകലതുംപോയി നിരാശയാൽ നിശ്ചയമായും അയാൾ കമ്മ്യൂണസത്തിന്റെ പിന്നാലെപോകും. അങ്ങനെ പോയാൽ രാജ്യത്തു് എങ്ങനെ സമാധാനം ഉണ്ടാക്കാൻ കഴിയും.? അതുകൊണ്ടു് പാസ്സുവത്തിൽ പാവപ്പെട്ടവനു സുഖവും രക്ഷയും സമാധാനവും ഉണ്ടാകണമെങ്കിൽ ഈ ബിൽ മാറ്റിയിട്ടു പാവപ്പെട്ടവന്റെ രക്ഷയ്ക്കുതകുന്ന വ്യവസ്ഥകൾ അടങ്ങിയ ബിൽ കൊണ്ടുവരട്ടെ.

MR. CHITHAMBARANATHA NADAR : ஒரு கேள்வி மெம்பருக்கு. இந்த மூதலாளி முதலாளி என்று சொல்வது, திருவிதாங்கூரில் எல்லா சமுதாயங்களிலும் இல்லே என்பது தெரியுமா?

MR. MANNATHU PADMANABHA PILLAI : தெரியும். இருக்கு. சின்ன எண்ணத்தில் தான் இருக்கிறது.

LIBRARY ARCHIVES Kerala Legislative Assembly

MR. CHITHAMBARANATHA NADAR : பின்னேக்க சமுதாயத்தில், முத லாளி என்று யாரையாவது காண்பித்துத்தர முடியுமா?

MR. MANNATHU PADMANABH PILLAI : ரொம்பச் சுருக்கமாய் இருக்கும்.

MR. T. T. KESAVAN SASTRI : யாரும் இல்லை.

MR. MANNATHU PADMANABHA PILLAI: പാവപ്പെട്ടവന്റെ രക്ഷക്കു വേണ്ടി ഒന്നും ഇതിൽ ഇല്ലാത്തതുകൊണ്ടു ഈ രൂപത്തിൽ ഈ ബിൽ ഇവിടെ അവതരിപ്പിക്കാൻ പാടില്ല. അതുകൊണ്ട് ഇതു പിൻവലിക്കയോ മാറ്റിവക്കയോ ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

MR. KRISHNAN AYYAPPAN (*Shertallai III—General*): ബില്ലിനെ ഞാൻ അനുകൂലിക്കുകയും ഈ നിലയിലെങ്കിലും ഇപ്പോൾ ഒരു ബില്ലു കൊണ്ടുവന്നതിൽ ഗവണ്മെന്റിനെ അഭിനന്ദിക്കയും ചെയ്തുകൊള്ളുന്നു. വെൺപ്പാട്ടവസ്തുക്കൾ ഒഴിപ്പിക്കുന്നതിനു നാടൊട്ടുക്കു പല വിധ നടപടികളും വ്യവഹാരങ്ങളും നടന്നുവരുന്നുണ്ടു്. വസ്തുകൈവശക്കാർക്കു ഇതിൽവച്ചു പലവിധത്തിലുള്ള കഷ്ടപ്പാടുകളും സങ്കടങ്ങളും നേരിടുന്നു. ഇതു് വലുതായ അസംതൃപ്തിക്കു കാരണമായിതീരുകയുംചെയ്യുന്നു. വെൺപ്പാട്ടക്കാർക്കുള്ള അവകാശാധികാരങ്ങൾ അനേഷണത്തിനും ആലോചനകൾക്കും ചർച്ചകൾക്കുംശേഷം ഉണ്ടാക്കപ്പെടുന്ന ഒരു നിയമംമൂലം വ്യവസ്ഥപ്പെടുത്തണമെന്നും ഒരു താൽക്കാലിക നടപടിയായി കോടതികളിലെ വസ്തുഒഴിപ്പിക്കലിനുള്ള നടപടികളെ ഒരുകൊല്ലത്തേക്കു നിറുത്തിവയ്ക്കണമെന്നും മാത്രമാണു് ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതു്. ഇതിൽ ആക്ഷേപം അഭിപ്രായവ്യത്യാസമുണ്ടാകാൻ ന്യായമായ കാരണങ്ങൾ ഇല്ലെന്നാണു് എന്റെ പൂർണ്ണമായ വിശ്വാസം. പന്ത്രണ്ടുകൊല്ലത്തിനു മേലായും ഏതാനും തലമുറകളായും കൈവശമിരുന്ന വസ്തുക്കൾ ഒരു കൊല്ലത്തേക്കുകൂടി പാട്ടക്കാരന്റെ കൈവശമിരിക്കുന്നതിൽ ക്ഷമകേടു കാണിക്കുന്നതു് നീതിക്കു യോജിക്കുന്നതാണോ? വിധിയായിട്ടുള്ള കേസുകളിൽ പാട്ടം ഈടാക്കുന്നതിനും വിധിസംഖ്യ ആറുമാസത്തിനകം കൊടുത്തു തീർക്കാതിരുന്നാൽ ബില്ലിന്റെ വ്യാപ്തിയിൽപെടാതെ വസ്തു ഒഴിപ്പിച്ചെടുക്കുവാനും ബില്ലിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്.

ഈ ബില്ലിനെ എതിർക്കുന്നവരുടെ കൂട്ടത്തിൽ ശ്രീമാൻ മന്നത്തു പത്മനാഭപിള്ള അവർകൾകൂടി ഉൾപ്പെട്ടതിൽ എനിക്കു് അതിയായ ഖേദമുണ്ടു്. അദ്ദേഹം തിരുവിതാംകൂറിലെ ഗണനീയനായ ഒരു വ്യക്തിയും ഒരു നേതാവുമാണു്. ബില്ലിനെ എതിർക്കുന്നതിൽ അദ്ദേഹം ഉന്നയിച്ച വാദങ്ങൾ അടിസ്ഥാനരഹിതങ്ങളാണു്. കൂടിയിരുന്ന ബില്ലിനുമുൻപു് ഈ ബിൽ സഭയുടെ പരിശോധനക്കു എടുത്തപ്പോൾ ഈ

LIBRARY ARCHIVES Kerala Legislative Assembly

പസ്സാക്കിക്കളയാം എന്നു് എന്തോ ഒരു ശക്തി പ്രേരിപ്പിച്ചതിന്റെ ഫലമായിട്ടായിരിക്കാമെന്നു അദ്ദേഹം സംശയിക്കുന്നതായി പറഞ്ഞു. അതു ശരിയല്ല. ഈ ബില്ലിനെ തകർത്തുകളയാമെന്നുള്ള ആലോചനയിൽ പെട്ടു് എതിർക്കുകയാണോ അദ്ദേഹം ചെയ്തതെന്നാണു് എന്റെ സംശയം. പാലും തേനും ഒഴുകുന്ന വാക്കുകളും തലോടുന്നകൈയ്കളും ഇതു കർക്കശമായ പ്രഹരത്തിനാണു് ഉപയോഗപ്പെടുന്നതെങ്കിൽ അതിൽനിന്നും ഒഴിഞ്ഞുനിൽക്കാനാണു് സാധുക്കൾ നോക്കേണ്ടതു്.

സർ, ചേത്തല, അമ്പലപ്പുഴ താലൂക്കുകളിൽ വെൺപാട്ടക്കാർക്കു് അസഹനീയമായ നഷ്ടമാണു് വസ്തുഒഴിപ്പിക്കലിൽവച്ചു നേരിടുന്നതു്. ആധാരക്കാലത്തു് വസ്തുവിലെ പാട്ടം കണ്ടു ക്ലിപ്തപ്പെടുത്തുകയും, ഒഴിപ്പിക്കുന്ന കാലത്തു് കൂടുതൽ പാട്ടമുണ്ടായിരുന്നാൽ അതിന്റെ നാലിൽ ഒന്നിനു കാലൊമാഹാണി ഉടയത്തിനുള്ള അത്ഥവും കിഴ്ദേഹണ്ഡങ്ങൾക്കു വിലയും കൊടുത്തു് ഒഴിപ്പിക്കണമെന്നാണു് സാധാരണവ്യവസ്ഥ. ഇരുപതു തെങ്ങുകളും അതിനു പത്തുപണം പാട്ടവുമാണു ആധാരകാലത്തു കാണുന്നതെങ്കിൽ അതിനു പാട്ടക്കാരന്റെ പ്രയത്നത്താൽ ഒഴിപ്പിക്കുന്നകാലത്തു ൨൦ പണം പാട്ടംകാണുകയാണെങ്കിൽ കൂടുതൽ വന്ന പാട്ടം പണം പത്തിന്റെ നാലിൽ ഒന്നായ രണ്ടര പണത്തിനു, ഒരു പണത്തിനു ൧൨ പണം എന്ന ക്രമത്തിനു എഴുപത്തിരണ്ടു പണം പാട്ടക്കാരനു കിട്ടും. ഇതാണു് കൂടുതൽ പാട്ടമുണ്ടായിരുന്നാൽ കൂടുതൽ കാണുന്ന പാട്ടത്തിന്റെ നാലിൽ ഒന്നിനു കാലേമാഹാണി ഉടയത്തിനുള്ള അത്ഥം കൊടുക്കുമെന്നുള്ള കരാറനുസരിച്ചു കിട്ടുന്ന സംഖ്യ. ഉടമസ്ഥൻ തന്ന കാലത്തുനിന്ന വൃക്ഷങ്ങൾ നന്നാക്കി കൂടുതൽ പാട്ടം വരുത്തിയതിനു് ഈ പ്രതിഫലം നിശ്ചയിക്കുന്നതിൽ വിഷമമില്ല. എന്നാൽ ആധാരത്തിനുശേഷം അവൻ വച്ചുപിടിപ്പിച്ച തൈകൾ കുലച്ചു, രണ്ടു മൂന്നു കൊല്ലംകഴിഞ്ഞു അടുത്തായിലായി പാട്ടം കാണത്തക്ക നിലയിലായാൽ അവ ഉടൻപ്പെടെ എല്ലാ വൃക്ഷങ്ങളും പാട്ടത്തിലെടുത്ത ആധാരക്കാലത്തു കണ്ടതിൽ കൂടുതലുള്ള പാട്ടത്തിനു ഈ തോതിൽ പ്രതിഫലം കൊടുക്കുകയാണു് അവിടത്തെ നടപ്പു്. ഇതു് നമ്മുടെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധികൾ മൂലവും സ്ഥാപിക്കപ്പെട്ടിരിക്കുകയാണു്. അതിലാണു സങ്കടം. ഈ പ്രതിഫലംപറ്റി പുരയും പൊളിച്ചു കുടിയിറങ്ങിമാറണം—ഇതാണു് സങ്കടം. യഥാത്ഥകുടിയിറക്കു പ്രശ്നം ഇവിടെയാണു് ഉൽഭവിക്കുന്നതു്.

MR. P. NANOO: ഒറ്റിവസ്തുക്കൾക്കും ഈ നിലയിലാണോ അവിടെ ഭേഹണ്ഡവില കിട്ടുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

MR. KRISHNAN AYYAPPAN: അതെ. സർ, പഴയകാലത്തു് ഇങ്ങനെയുള്ള വ്യവസ്ഥകൾ ഒരുവിധം ന്യായമായി പരിപാലിക്കപ്പെട്ടു പോന്നു. പാട്ടക്കാരൻ വച്ചുപിടിപ്പിക്കുന്ന വൃക്ഷങ്ങളിലെ ആദായം പന്ത്രണ്ടുകൊല്ലം അവൻ എടുത്തുകഴിഞ്ഞതിനുശേഷം മാത്രമേ പൊളിച്ചെഴുതിപ്പിടിക്കുകയോ വസ്തു ഒഴിപ്പിക്കുകയോ പതിവുണ്ടായിരുന്നുള്ളൂ. പാട്ടം കാണുന്നതു് അതുകൊണ്ടുള്ള ആദായം എടുത്തുകഴിഞ്ഞ വൃക്ഷങ്ങൾക്കു മാത്രമായിരുന്നു. ആനയും തോട്ടിയും കഴിഞ്ഞ വൃക്ഷങ്ങൾ പാട്ടത്തിലെടുക്കുക എന്ന അവിടങ്ങളിലെ പഴയവ്യവസ്ഥ ഇതിനെയാണു് സൂചിപ്പിക്കുന്നതു്. കുട്ടുകുടുംബസ്ഥിതി വ്യത്യാസപ്പെട്ടു്, റജിസ്ട്രേഷൻമൂലം ആളോഹരിഭാഗം വന്നപ്പോൾ വസ്തുഒഴിപ്പിക്കൽ ധാരാളമായി. ഈ തുച്ഛദേഹണ്ഡവിലകൊടുത്തു് ഒഴിപ്പിക്കാൻ സൗകര്യവും കിട്ടുന്നു. ദേഹണ്ഡക്കാരൻ അവന്റെ സകലതും മുടക്കി ഉണ്ടാക്കുന്ന സമ്പാദ്യം ഇങ്ങനെ കലാശിക്കുന്നു. ഇതിൽനിന്നുണ്ടാകുന്ന അസ്വസ്ഥത തക്കതായ പരിഹാരംമൂലമല്ലാതെ മാറുമോ?

സർ, ബില്ലിന്റെ പരിധിയിൽനിന്നു് ചിലയിനം വെൺപാട്ടങ്ങളെ ഒഴിവാക്കിയിരിക്കുന്നതു് പുനഃപരിശോധനക്കു് വിധേയമാകേണ്ടതും ഭേദഗതിചെയ്യേണ്ടതുമാണു്. ട്രസ്റ്റികളിൽ നിന്നുമുള്ള പാട്ടം ബില്ലിന്റെ പരിധിയിൽ പെടുകയില്ലെന്നു പറയുന്നതു് ട്രസ്റ്റികളെ ഉണ്ടാക്കാനും ട്രസ്റ്റ്വാദത്തിനും ഇടയാകുന്നതാണു്. ഈ ബില്ലിലും കൂടിയിറക്കു ബില്ലിലും ട്രസ്റ്റികളെ രണ്ടു നിലയിലാണു് കാണിച്ചിരിക്കുന്നതു്. കാരണം മനസ്സിലാകുന്നില്ല. വെൺപാട്ടത്തിനു് ശരിയായ നിയമനിർമ്മാണം വരുന്നസന്ദർഭത്തിലോ സെലക്ട് കമ്മിറ്റിയിലോ ഈവക സംഗതികൾ നോക്കാവുന്നതാണു്. ഇപ്പോൾ കോടതിനടപടികൾ, പന്ത്രണ്ടു കൊല്ലത്തിൻ മേലുള്ള വെൺപാട്ടവസ്തുക്കളെ സംബന്ധിച്ചു് ഒരു കൊല്ലത്തേക്കു നിർത്തിവക്കുക മാത്രമല്ലേ ഈ ബില്ലുകൊണ്ടു ഉദ്ദേശിക്കുന്നുള്ളൂ? ഈ ബില്ലിനെ ഈസഭ ഐകകണ്ഠ്യമായി അംഗീകരിക്കുമെന്നുള്ള വിശ്വാസത്തോടെ എന്റെ പ്രസംഗം ഞാൻ അവസാനിപ്പിക്കുന്നു.

At this stage the Deputy President (Mr. G. Chandrasekhara Pillai) presided;

MR. THARIATHU KUNJITHOMMAN: സർ, ഈ രാജ്യത്തെ പ്രധാനമായ കുറെയാളുകളെ സാരമായി ബാധിക്കുന്ന ഒരു ബില്ലാണു് ഇതു്. ഈ കൂടിയിറക്കുനിരോധനബിൽ പാസ്സാക്കുന്നപക്ഷം ഭൂമി ഉടമസ്ഥന്മാരേയും കൃഷിക്കാരേയും വിപ്ലവകരമായ ഒരവസ്ഥയിലേക്കു് തള്ളിവിടു

LIBRARY ARCHIVES Kerala Legislative Assembly

മെന്നുള്ളതിനു സംശയമില്ല. ഒരു ബില്ലു് നിയമസഭയിൽ അവതരിപ്പിക്കുന്നതിനുമുമ്പു്, അതു് ജനങ്ങൾക്കു് പ്രയോജനപ്രദമാണോ അതോ പ്രയോജനരഹിതമാണോ എന്നുള്ളതിനെപ്പറ്റി ഗാഢമായി ചിന്തിക്കയും അന്വേഷിക്കയും പഠിക്കയും ചെയ്തിട്ടുവേണം അതു നടപ്പിൽ വരുത്താൻ ശ്രമിക്കേണ്ടതു. അല്ലാതെ ഉപരിപ്ലവബുദ്ധിയോടുകൂടി എന്തെങ്കിലും ചെയ്യുന്നതായാൽ നാട്ടിൽ കലാപമല്ലാതെ ക്ഷേമം ഉണ്ടാകാൻ പോകുന്നില്ല. ഈ ബില്ലു നിയമമാകുന്നതോടുകൂടി കുടിയിറക്കു പ്രശ്നം പരിഹരിക്കപ്പെട്ടുമെന്നു കുറേപ്പേർ വിചാരിക്കുന്നുണ്ടാവാം. എനിക്കു് അതിൽ വിശ്വാസമില്ല. ഒരു ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറയുകയുണ്ടായി, അമ്പലപ്പുഴ ചേർത്തല താലൂക്കിൽ കുടിയിറക്കു നിരോധിച്ചില്ലെങ്കിൽ ദുഃഖം അനുഭവിക്കുന്നതു് സാധുക്കളായിട്ടുള്ള ആളുകളാണെന്നു്. അമ്പലപ്പുഴ ചേർത്തല താലൂക്കിൽ ഈ ഒരു ദുഃഖം. കുന്നത്തുനാടു്, പറവൂർ മുതലായ താലൂക്കുകളിൽ മറ്റു തരത്തിലുള്ള ദുഃഖം. വേറെ ചില സ്ഥലങ്ങളിലുള്ള ഭൂമി ഉടമസ്ഥന്മാർക്കു് ഇനിയൊരു തരത്തിലുള്ള ദുഃഖം. ഇങ്ങനെ വിവിധരീതിയിലുള്ള സാഹചര്യങ്ങളെ എല്ലാംകൂടി ചിന്തിച്ചു് അതിന്റെ വെളിച്ചത്തിൽ ഒരു നിയമം ഉണ്ടാക്കി നടപ്പിൽ വരുത്തണമെന്നാണു് എന്റെ അഭിപ്രായം. ഞാൻ നിയമജ്ഞനല്ല. നിയമനിർമ്മാണസഭയിലെ ഒരു വൃദ്ധമെമ്പർ മാത്രമാണു്. ഉപരിപ്ലവബുദ്ധിയോടുകൂടി പ്രവർത്തിക്കുന്നതു് ഒരിക്കലും നല്ലതല്ലെന്നു് എന്റെ വളരെ നാളത്തെ അനുഭവം എന്നെ പഠിപ്പിച്ചിട്ടുണ്ടു്. ആ നിലയിൽ ഈ ബില്ലിനെപ്പറ്റി ചിന്തിക്കുന്നതായാൽ ദൂരവ്യാപകങ്ങളായ പല ന്യൂനതകളും ഉണ്ടെന്നാണു് എനിക്കു തോന്നുന്നതു്. എന്റെ മാന്യസ്നേഹിതൻ മി: പത്മനാഭപിള്ള പറഞ്ഞതുപോലെ, കുടുംബഭാഗത്തിലും മറ്റും ഭൂമി കുറഞ്ഞുപോയതിന്റെ ഫലമായി പാട്ടത്തിനുകൊടുത്ത ഭൂമിയുടമസ്ഥനു്, അവന്റെ ന്യായമായ അവകാശം ഒരിക്കലും വിഗണിക്കാൻ പാടില്ല. ആ തത്വം വച്ചുകൊണ്ടു നോക്കുമ്പോൾ സാരമായ അതിവ്യാപ്തിദോഷവും അവ്യാപ്തിദോഷവും ഈ ബില്ലിനുണ്ടു്. ഇതിന്റെ വ്യാപ്തി കേവലം ഒരുപറ നിലമോ പുരയിടമോ മാത്രം ഉള്ളവരെയും ബാധിക്കുന്നതാണു്. എന്റെ സ്നേഹിതൻ മി. മന്നത്തു പത്മനാഭപിള്ള അവർകൾ പറഞ്ഞതുപോലെ കുറച്ചുഭൂമി മാത്രമുള്ള ധാരാളം ആളുകൾ കൃഷിത്തൊഴിലുകൊണ്ടു് ഉപജീവിക്കാൻ നിവൃത്തിയില്ലാതെ കൂടുതൽ ഭൂമിയുള്ള അന്യൽക്കാരനു് പാട്ടത്തിനുകൊടുത്തിട്ടു് മറ്റു തൊഴിലുകളിൽ പ്രവേശിച്ചുകൊണ്ടിരിക്കയും ചെയ്യുന്നുണ്ടു്. വർഗ്ഗീയത ഇവിടെ ഉണ്ടാകാതിരി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathu Kunjithommuan.]

ക്കാൻ എല്ലാ ജനവിഭാഗങ്ങളുടേയും ന്യായമായ അവകാശങ്ങളേയും താൽപര്യങ്ങളേയും പരിഗണിക്കുകയാണ് വേണ്ടതെന്ന് സ്റ്റേറുകാൺ ഗ്രസ്സുതന്നെ പറഞ്ഞിട്ടുണ്ട്. അതനുസരിച്ചു പ്രവർത്തിച്ചും വരുന്നുണ്ട്. ഈ ബില്ല് ഇവിടെ പാസ്സായാൽ നായർ, നമ്പൂതിരി, തമ്പുരാൻ, എന്നീ സവർണ്ണഹിന്ദുവിഭാഗങ്ങളെ ഇതു് എളുപ്പത്തിൽ ഭ്രഷ്ടത്തിലാക്കുന്ന വർഗ്ഗക്കാരാക്കിത്തീർക്കുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. എല്ലാവർക്കും നല്ലപോലെ ബോദ്ധ്യമുള്ള ഒരു വസ്തുതയാണിതു്. പത്തു പറ കണ്ടമുള്ള ഒരാൾ അതുകൊണ്ടു് ഉപജീവനത്തിനു് മതിയാകുകയില്ലെന്നുകണ്ടു് അയാളുടെ നിലം അടുത്തുള്ള നൂറുപറ കണ്ടക്കാരനെ പാട്ടം ഏൽപ്പിച്ചിട്ടു് എവിടെയെങ്കിലും ഒരു മുപ്പുതുരുപ്പാ മാസശമ്പളത്തിനു പോകുന്നു. ഒരു കൊല്ലം കഴിഞ്ഞു തിരിയെ വരുമ്പോൾ പാട്ടക്കാരൻ വസ്തു ഒഴിഞ്ഞുകൊടുക്കുന്നില്ലെങ്കിൽ പിന്നെ എന്താണൊരുഗതി? ഒരുഴുട്ട സന്താനങ്ങളുമായിട്ടായിരിക്കും മിക്കവാറും അയാൾ തിരിച്ചുവരുന്നതു്. അതുപോലെ അനുസരിച്ചു് വീതിച്ചാൽ ഒരാൾക്കു രണ്ടുപറ കണ്ടംപോലും കിട്ടുകയില്ല. അതു് പാട്ടത്തിനുകൊടുത്തിരിക്കുന്നതു് നൂറുപറ കണ്ടക്കാരനുമാണു്. അയാൾ ഒഴിഞ്ഞുകൊടുക്കുകയില്ലെന്നു പറയുന്നു. എന്തൊരു ന്യായമാണിതു്? ഇങ്ങനെ പത്തുപറക്കണ്ടക്കാരൻ നൂറുപറ കണ്ടക്കാരനു പാട്ടംകൊടുത്താലും ഒഴിഞ്ഞുകൊടുക്കേണ്ടതില്ലെന്നാണു് ഈ നിയമമൂലം വരുന്നതു്. അതുകൊണ്ടു് സാധുക്കളായ അളുകൾക്കു്—അല്പസല്പം നിലമോ പുരയിടമോഉള്ളവർക്കു്—യാതൊരു രക്ഷയും ഈ നിയമംകൊണ്ടു് കിട്ടുകയില്ല. അതാണു് ഇതിനു് സാരമായ അതിവ്യാപ്തി ദോഷമുണ്ടെന്നു പറയാൻ കാരണം. അതുപോലെ തന്നെ അവ്യാപ്തിദോഷവും ഇതിനുണ്ടു്. ദേവസ്വം വസ്തുക്കളേയും, ശ്രീപണ്ടാരം വസ്തുക്കളേയും, കണ്ടുകൃഷി വസ്തുക്കളേയും, മറ്റു പലയിനം വസ്തുക്കളേയും ഈ ബില്ലിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. തോട്ടങ്ങളെ ഈ ബില്ലിന്റെ പരിധിയിൽപ്പെടുന്നതെന്നും പെടാത്തതെന്നും രണ്ടുതരമായി തിരിച്ചിരിക്കുന്നു. അതുകൊണ്ടു് ചില ജനവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ഈ നിയമം ഹാനികരവും വളരെ അധികം സങ്കടകരവുമായിരിക്കുമെന്നുള്ളതിനു് സംശയമില്ല. ഇവിടെ സമുദായങ്ങളില്ല, ജനവിഭാഗങ്ങളില്ല, അവയവങ്ങളില്ലാത്ത മാംസപിണ്ഡം പോലെയുള്ള ഒരു ജനസമൂഹമാണു് ഇവിടെയുള്ളതു് എന്നുള്ള ഒരു നില ഉത്ഭവിക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് ഇങ്ങനെയുള്ള നിയമങ്ങളെപ്പറ്റി ചിന്തിക്കാം. അങ്ങനെ ഒരു നില വേണമെന്ന് ആഗ്രഹിച്ചതുകൊണ്ടോ ഉണ്ടെന്ന് ഭാവിച്ചതുകൊണ്ടോ പ്രയോജനമൊന്നുമില്ല. അങ്ങനെ ഉണ്ടാകുന്നെങ്കിൽ വരട്ടെ, നല്ലതുതന്നെ. സമത്വസുന്ദരമായ ഒരു നില ഉണ്ടായിരിക്കണമെന്ന് പറയുമ്പോൾ അതു വരേണ്ടതുതന്നെ. എന്നാൽ ആ നില വരുന്നതുവരെ നാം യാഥാർത്ഥ്യങ്ങളെ വിസ്മരിക്കുന്നതു ശരിയല്ല. ഇവിടെ ജാതിയും മതവും സമുദായവും അവർണ്ണരും സവർണ്ണരുമൊക്കെ ഉണ്ട്. നാം ഏതെങ്കിലും ഒരു നിയമമുണ്ടാക്കുമ്പോൾ അതു എല്ലാ ജനവിഭാഗങ്ങളോടും നീതി കാണിക്കുന്ന വിധത്തിലുള്ളതായിരിക്കണം.

ജന്മിമാർ കൂടിക്കൂടി വരുന്നു എന്നു ചിലർ പറയുന്നു. ഏതാണ്ട് പത്തു മുപ്പത്തേഴു കൊല്ലങ്ങൾക്കു മുൻപ് കൃഷ്ണൻ നായർ ദിവാൻജിയുടെ കാലത്ത് രൂപീകരിച്ച ഒരു കമ്മിറ്റിയിൽ ഞാനുമുണ്ടായിരുന്നു. ആ കമ്മറ്റിയിലെ അംഗമെന്നനിലയിൽ ഞാൻ രാജ്യം മുഴുവൻ സഞ്ചരിച്ചിട്ടുണ്ട്. അന്ന് ഉദ്ദേശം മുന്നൂറു ജന്മിമാരാണ് തിരുവിതാംകൂറിലുണ്ടായിരുന്നതു്. ഇതിൽ ഒരു നൂറു നൂറിയിരുപതു ജന്മിമാരേ കാലക്ഷേപത്തിന് വകയുള്ളവരായിട്ടുണ്ടായിരുന്നുള്ളൂ. ബാക്കിയെല്ലാം പേരിൽ മാത്രം ജന്മിമാരായിരുന്നു. ഇപ്പോഴാണെങ്കിൽ അവരുടെ സംഖ്യ വളരെ കുറഞ്ഞുപോയിട്ടുണ്ട്. കാലക്ഷേപത്തിന് വകയുള്ള വരും ഭ്രൂസ്വത്തുള്ള വരുമായി ഒരുവിധം തോല്പെട്ട ഒന്നോ രണ്ടോ ഡസൻ ജന്മിമാർ മാത്രമേ ഇന്നുള്ളൂ. ഈ ഒന്നോ രണ്ടോ ഡസൻ ജന്മിമാരെ ഒഴിച്ചാൽ ബാക്കിയുള്ളവരെല്ലാം ദരിദ്രനിലയിലുള്ളവരും പേരിനുമാത്രം ജന്മികളായിട്ടുള്ളവരുമാണ്. കുറച്ചു മിച്ചവാരമോ മറ്റുനികുതികളോ ആവക്കിട്ടികൊണ്ടിരിക്കുമെന്നല്ലാതെ പറയത്തക്ക ഭ്രൂസ്വത്തൊന്നും അധികം ജന്മിമാർക്കുമില്ല. ഭ്രൂസ്വത്തെല്ലാം കാണമെഴുതിപ്പോയതുകൊണ്ട് പല ജന്മിമാക്കും ഇന്നു തൊഴിലില്ലെന്നായിട്ടുണ്ട്. എനിക്ക് പല ജന്മിമാരേയും അറിയാം. അവരുടെ വസ്തുക്കളിൽ ഒട്ടുമുക്കാലും കാണമെഴുതിപോയി കുറച്ചുമാത്രം ശേഷിച്ചിട്ടുണ്ട്. നംപൂതിരി ബിൽ വന്നതോടുകൂടി സ്വജനവിവാഹം നടപ്പായി. അതോഹരിയും കൂടെ വന്നിട്ടുള്ളതുകൊണ്ട് ഒരു രണ്ടു ഭാഗം വച്ചു കഴിയുമ്പോൾ ഒരു വിധം കാലക്ഷേപത്തിലുള്ളവർപോലും ആർക്കെങ്കിലും കാണമെഴുതി കൊടുക്കുകയാണ് ചെയ്യുന്നതു്. ഒന്നോ രണ്ടോ പറ കണ്ടവും രണ്ടോ നാലോ ഏക്കർ പുരയിടവും മാത്രമുള്ള ഒരാളിന് അതു കൈവശം വച്ചു കൃഷിചെയ്തു കാലക്ഷേപം കഴിക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ടാണ് അന്യതോ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathu Kunjithomman.]

ന്തറോ പറ കണ്ടം കൈവശം വച്ച് സ്വന്തമായി കൃഷിചെയ്യുന്ന അയൽക്കാരന് കാണമെഴുതികൊടുക്കുന്നുണ്ട്. അതും തിരിയെ കിട്ടാൻ മാർഗ്ഗമില്ലെന്നായാൽ പിന്നെ അവരുടെ ഗതി എന്താണ്? ഈ ബില്ല് പാസ്സാക്കിയിട്ട് നാളെ മുതൽ ഈ നംപൂതിരിയും തമ്പുരാനുമെല്ലാംവെട്ടാനും കിളക്കാനും പോകണമെന്ന പറയുന്നതു് നീതിയാണോ? അവരെയെല്ലാം പടിപ്പുടിയായി താഴോട്ടിറിക്കി കൊണ്ടുവരാമെന്നല്ലാതെ ഒറയടിക്ക് പെട്ടെന്ന് താഴെത്തള്ളുന്നതു് ശരിയാണോ എന്നു നാം ആലോചിക്കണം. എപ്പോഴും ബൂട്ട്സിട്ട് നടക്കുന്ന ഒരു സായ്പിനെ പിടിച്ച് ബൂട്ട്സ് ഊരിച്ച് ചരലിൽക്കൂടെ നടക്കാൻ പറഞ്ഞാൽ അതു് സങ്കടകരമല്ലേ? ഏതുകാര്യവും പടിപ്പടിയായി ചെയ്യുക എന്നല്ലാതെ ഒറയടിക്ക് കീഴ്മേൽ മറിക്കുന്നതു് നല്ലതല്ല. അതുകൊണ്ട് ആദ്യം ഒരു അളത്തി നിശ്ചയിക്കുക. ഇത്ര പറ കണ്ടത്തിൽ കൂടുതൽ അല്ലെങ്കിൽ എത്ര ഏക്കർ പുരയിടത്തിൽ കൂടുതൽ വസ്തു കൈവശമുള്ളവരുടെ വസ്തുക്കൾ പാട്ടത്തിനു് കൊടുത്തിട്ടുള്ളതു് പാട്ടക്കാരൻ ഒഴിയണ്ടാ എന്നു് ഒരു വ്യവസ്ഥ ആദ്യം ഉണ്ടാക്കുക. അല്ലാതെ അഞ്ചുപറ കണ്ടക്കാരൻ നൂറു പറ കണ്ടക്കാരനു പാട്ടം കൊടുത്താലും, രണ്ടേക്കർ പുരയിടക്കാരൻ അൻപതു ഏക്കർ പുരയിടക്കാരനു് പാട്ടം കൊടുത്താലും ഒഴിയേണ്ടാ എന്നു പറയുന്നതിൽ വല്ല നീതിയോ ന്യായമോ ഉണ്ടോ? ഇന്നു് ദണ്ഡനം അനുഭവിക്കുന്നവരെ കൂടുതൽ ദണ്ഡനം അനുഭവിക്കുന്നവരാക്കിത്തീർക്കാനുള്ള ഒരു ഏർപ്പാടാണിതു്. ഇതിനു എന്തൊരു സമാധാനമാണു് പറയാനുള്ളതു്? പിന്നെ സാമ്പത്തിക സമത്വം വേണം. സമത്വസുന്ദരമായ ഒരു നില കൈവരുത്തണമെന്നൊക്കെ പറയുന്നു. ഇതൊക്കെ ഉണ്ടായാൽ കൊള്ളാം. എന്റെ ചില സ്നേഹിതന്മാർ പറഞ്ഞു ഇവിടെ ചിലർക്ക് അമിതമായ സമ്പത്തുണ്ടെന്നു. അങ്ങനെ അമിതമായ സ്വത്തു് കൈവശം വച്ചിരിക്കുന്നവരിൽ നിന്നു് കുറച്ചു് ഭൂമി പിടിച്ചെടുത്തു് കുടികെട്ടിപ്പാർക്കാൻ ഇടമില്ലാത്തവർക്ക് വീതിച്ചു കൊടുക്കുന്നതു നല്ലതുതന്നെ; എന്നാൽ ഒരു കാര്യം നാം മനസ്സിലാക്കണം. അലോചനശീലവും, മിതവ്യയശീലവും ഐശ്വര്യത്തിനും; അലസതയും, ദുർവ്യയവും ദാരിദ്ര്യത്തിനും കാരണമാണു് എന്നുള്ളതു് ഒരു സാമാന്യപ്രമാണമാണു. കഠിനമായ അലോചനംകൊണ്ടും മിതവ്യയംകൊണ്ടുമാണു് സാധാരണക്കാരെല്ലാം അല്പസ്വല്പകാലക്ഷോഭത്തിനു് വകയുണ്ടാക്കിയിട്ടുള്ളതു്. അതിനെ പിടിച്ചെടുത്തു് ഇല്ലാത്തവനു് കൊടുക്കുന്നതു് അവരെ കൂടുതൽ അലസന്മാരും, ധൂർത്തന്മാരുമാക്കിത്തീ

LIBRARY ARCHIVES Kerala Legislative Assembly

ക്കാനേ പ്രയോജനപ്പെടുകയുള്ളൂ. ഇന്നിപ്പോൾ ഇങ്ങനെ വീതിച്ചു കൊടുത്താലും കുറച്ചു കഴിയുമ്പോൾ അലസന്മാരും ധൂർത്തന്മാരുമായ ആളുകൾ അവരുടെ ഭൂമി അദ്ധ്വാനികളും മിതവ്യയശീലക്കാരുമായ അയൽക്കാർക്ക് എഴുതിവിറ്റു നശിപ്പിച്ചിട്ട് വീണ്ടും ഭൂമിയില്ലാത്തവരായി മാറും. അപ്പോൾ പിന്നെയും വീതിച്ചുകൊടുക്കണം. അതുകൊണ്ട് അലസനെ കൂടുതൽ അലസനും, ധൂർത്തനെ കൂടുതൽ ധൂർത്തനുമാക്കുന്നതിനു മാത്രം ഉപകരിക്കുന്ന ഒരു സമ്പ്രദായമാണിതിനെ ഞാൻ ഇതിനെ കണക്കാക്കുന്നുള്ളൂ. പിന്നെ ഇതുകൊണ്ടുണ്ടാകുമെന്നു പറയുന്ന ഒരേ ഒരു പ്രയോജനം സമതാസുന്ദരമായ നില സൃഷ്ടിക്കാമെന്നാണ്. എന്താണീ സമതാസുന്ദരമെന്നു പറയുന്നത്? സമതാത്തിൽ സൗന്ദര്യമുണ്ടോ? പ്രകൃതിയെത്തന്നെ നോക്കുക. എല്ലാം സമതാമായിരുന്നാൽ അതിനു ഭംഗിയുണ്ടോ? വൈവിധ്യത്തിലാണ് സൗന്ദര്യം നിലകൊള്ളുന്നത്. ചെടികളേയും വൃക്ഷങ്ങളേയും നോക്കിയാലും ഓരോ ആകൃതിയിലും പ്രകൃതിയിലും അല്ലേ കാണുന്നത്. വൈവിധ്യത്തിലാണ് സൗന്ദര്യവും സംതൃപ്തിയും സമാധാനവും ഈശ്വരൻ വച്ചിരിക്കുന്നത്. അല്ലെങ്കിൽ പ്രകൃതിയിൽത്തന്നെ സകലതിനും ഐകരൂപ്യം കാണുമായിരുന്നു. ഒന്നിനൊന്നിനു വ്യത്യസ്തമായിട്ടാണ് പ്രകൃതിയിലുള്ള സകലതും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. വിവിധ ആകൃതിയിലും വിവിധസ്വഭാവത്തിലുമുള്ള വിവിധ കഴിവുകളോടുകൂടിയുമാണ് മനുഷ്യനെത്തന്നെ സൃഷ്ടിച്ചിരിക്കുന്നത്.

അതനുസരിച്ച് ഓരോരുത്തരുടേയും പ്രവൃത്തിക്കനുസരണമായി മുൻപോട്ടു പോകുകയോ, ഇരുന്ന നിലയിൽത്തന്നെ ഇരിക്കുകയോ, പുറകോട്ടു പോകുകയോ ചെയ്യുന്നു. എല്ലാവർക്കും തുല്യസൗകര്യങ്ങളും തുല്യസൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കേണ്ടതുതന്നെ. ഏറ്റവും കൂടുതൽ സൗകര്യം ദാരിദ്ര്യത്തിൽപ്പെട്ട് അധഃപതിച്ചു കിടക്കുന്നവർക്കു നൽകണം. പൊതുമുതൽ ചെലവാക്കുമ്പോൾ ഗവണ്മെന്റ് മുൻഗണന അവർക്ക് കൊടുക്കണം. ഭൂമിയുടെ കാര്യത്തിലായാലും, മറ്റു കാര്യത്തിലായാലും അവർക്ക് കൂടുതൽ സൗജന്യങ്ങൾ അനുവദിച്ചു കൊടുക്കണം. അവരോടു നീതിയായി പെരുമാറാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. കൂടുതൽ ഭൂമിയുള്ളവർ വിട്ടുകൊടുക്കണമെന്ന് എന്റെ സ്നേഹിതൻ പറഞ്ഞു. എനിക്ക് നൂറു ഏക്കർ ഭൂമിയുണ്ട്. ഇവിടെയെങ്ങാനും ഒരു ഇരുപത്തഞ്ചേക്കർ ഭൂമിതന്നാൽ എന്റെ നൂറു ഏക്കറും വിട്ടുകൊടുക്കാൻ ഞാൻ തയ്യാറാണ്. ഭൂമിയുടെ അളവായം ഓരോ സ്ഥലത്തും വിഭിന്നനിലയിലാണിരി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathu Kunjithomman.]

ക്കുന്നത്. ആലപ്പുഴയോ മറോ ഇരുപത്തഞ്ചേക്കർ തന്നേച്ചാൽ മതി എന്റെ നൂറോ നൂറമ്പതോ ഏക്കർ ഞാൻ വിട്ടുകൊടുത്തേക്കാം. സ്ഥലത്തിന്റെ ആദായത്തെ ആശ്രയിച്ചാണ് വില ഇരിക്കുന്നത്. ചില സ്ഥലങ്ങളിലെ ഭൂമി നൂറേക്കർ കൊടുത്താൽപോലും മറ്റ് ചില സ്ഥലങ്ങളിൽ അഞ്ചേക്കർ ഭൂമി കിട്ടുകയില്ല.

MR. T. A. MOIDEEN KUNJU ; ബഹുമാനപ്പെട്ട മെമ്പർക്ക് എത്ര സ്വത്തുണ്ട്?

MR. THARIATHU KUNJI THUMMAN : എനിക്ക് സ്വത്തു ഉണ്ടായിരിക്കട്ടെ, അല്ലെങ്കിൽ ഇല്ലായിരിക്കട്ടെ, എന്റെ സ്വന്തം കാര്യം ഇവിടെ പറയേണ്ടയാവശ്യമില്ല. എനിക്ക് കുറെ സ്വത്തുണ്ടെങ്കിലും അത് സന്തതിപരമ്പരയായി വച്ചനുഭവിക്കാൻ സാദ്ധ്യമാകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. ലോകഗതി അനുസരിച്ചും നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ടും അവർ കഴിഞ്ഞുകൊള്ളണം. എനിക്ക് വലിയ സമ്പത്തുമില്ല, എന്നാൽ ഞാൻ തീരെ ദരിദ്രനുമല്ല. എന്റെ അദ്ധ്വാനംകൊണ്ടും പരിശ്രമശീലംകൊണ്ടും ഞാൻ കാലക്ഷേപം കഴിക്കുന്നു. എനിക്ക് എന്തോ ഉണ്ടായിരിക്കട്ടെ. ഞാൻ എന്തു പറയുന്നു എന്നുമാത്രം നോക്കിയാൽ മതി. മതത്തിന്റെ അടിസ്ഥാനമായ സാന്മാർഗ്ഗികബോധത്തിന് എതിരല്ലാത്ത ഏതും സ്വീകരിക്കാൻ സന്നദ്ധനാണ്. അതിന്റെ ഫലമായി ദാരിദ്ര്യമോ ദുഃഖമോ മരണമോ എന്തുതന്നെ സംഭവിച്ചാലും ഞാൻ സഹിക്കാൻ തയ്യാറാണ്. മനുഷ്യജാതിയുടെ പുരോഗമനത്തിനു ആവശ്യമായ സാന്മാർഗ്ഗികപ്രമാണങ്ങളെ ലംഘിക്കുന്ന യാതൊന്നും ഞാൻ ചെയ്യുകയില്ല.

MR. A. CHIDAMBARANATHA NADAR : அரசியல் வாதியாகிய யாருக்கும் தங்கள் உயிர் ஒரு குரும்பென்று தெரியுமா?

MR. THARIATHU KUNJITHUMMAN ; தெரியும் தெரியும்.

MR. DEPUTY PRESIDENT : ഇവിടെ സംശയാതീതമായ കാര്യങ്ങളെപ്പറ്റിമാത്രം പറഞ്ഞാൽ മതിയാകും.

MR. THARIATHU KUNJITHOMMAN : ബില്ലിനെപ്പറ്റി സംസാരിക്കുമ്പോൾ അതിനോടു സംബന്ധപ്പെട്ട കാര്യങ്ങളെ സ്പർശിച്ചു സംസാരിച്ചുപോകേണ്ടിവരുന്നു. ഒരാൾ ബാങ്കിൽ പണമിട്ടു. മറൊരാൾ അയാളുടെ പണം ഭൂമിയിൽ നിക്ഷേപിച്ചു. ബാങ്കിലിട്ടതിന് പലിശമാത്രമേ കിട്ടൂ മുതൽ കിട്ടുകയില്ല എങ്കിൽ ഭൂമിയിൽ നിക്ഷേപിച്ചതും എടുത്തു

LIBRARY ARCHIVES Kerala Legislative Assembly

കൊള്ളട്ടെ. അതിനു വിരോധമില്ല. എന്നാൽ അതുമാത്രം പാടില്ലെന്നാണ് പറയുന്നതു്. പണം ബാങ്കിലോ, വ്യവസായത്തിലോ, കച്ചവടത്തിലോ നിക്ഷേപിച്ചവരെക്കാൾ കൂടുതൽ ബുദ്ധിമുട്ടും അദ്ധ്വാനവും ഭൂമിയിൽ പണം നിക്ഷേപിച്ചവക്കു് ഉണ്ടായിട്ടുണ്ടു്. ഭൂമിയാണു് ഐശ്വര്യത്തിനുള്ള പ്രധാനമാർഗ്ഗം. നമ്മുടെ സാമ്പത്തിക നിലയുടെ അസ്ഥിവാരംതന്നെ കൃഷിയെയാണു് ആശ്രയിച്ചിരിക്കുന്നതു്. ഭൂമിയിൽ പണം നിക്ഷേപിക്കുന്ന കൃഷിക്കാരെ സ്പർശിക്കുന്ന ഹസ്തങ്ങൾ വളരെവളരെ ഉണ്ടെന്നു് നാം മനസ്സിലാക്കണം. രാജ്യത്തിനു് ആപത്തുണ്ടാക്കുന്നതായ ഒരു നില നാം സ്വീകരിക്കരുതു്. പഴക്കംകൊണ്ടു് പട്ടുപോകുന്ന വൃക്ഷങ്ങൾപോലും നട്ടുപിടിപ്പിക്കുന്നതിനു് ഇപ്പോൾ ആളുകൾ ഒരുങ്ങുന്നില്ല. വൃക്ഷങ്ങൾ വളർന്നു് ആദായം കിട്ടിത്തുടങ്ങുമ്പോൾ യഥാർത്ഥത്തിൽ കിട്ടുന്നതിൽനിന്നും വളരെ കൂടുതൽ ആദായം കിട്ടുമെന്നു് സങ്കല്പിച്ചുകൊണ്ടു് ഭയങ്കരമായ നികുതി ചുമത്തുകയാണെങ്കിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുവാൻ ആരെങ്കിലും തയ്യാറാകുമോ? ഞാൻ എന്റെ തോട്ടങ്ങൾതന്നെ വെട്ടിയിട്ടിരിക്കുകയാണു്. തൊണ്ണൂറു ശതമാനം ചെലവുചെയ്തു് കൃഷി ചെയ്താൽ ചെലവിനനുവദിക്കുന്നതു് വെറും നാല്പതു ശതമാനമാണു്. ഞങ്ങൾ തോട്ടങ്ങളൊക്കെ വെട്ടി തകർത്തിരിക്കുകയാണു്. കാൺഗ്രസ്സ് സെക്രട്ടറി മി. രാമകൃഷ്ണപിള്ളതന്നെ അവിടെ വന്നു് ഈ വൃക്ഷങ്ങൾ വെട്ടിയിട്ടിരിക്കുന്നതു് കണ്ടിട്ടുണ്ടു്. അതാണു് ഞങ്ങൾ ചെയ്യുന്നതു്. എന്തായാലും ഞങ്ങൾക്കു് ജീവിക്കണം. വല്ല കപ്പയോ നെല്ലോ മറ്റോ കൃഷിചെയ്യാൻ പാട്ടത്തിനുകൊടുത്തു് ജീവിതം കഴിക്കാമെന്നുവച്ചാൽ അതും നിവൃത്തിയില്ല. ഞങ്ങളുടെ സ്ഥിതി ഇങ്ങനെയായിട്ടുണ്ടു്. ഇതാണോ സമതാസുന്ദരമായ നില? ബാങ്കുകളിലെ പണവുമെല്ലാം എടുക്കണം. ബാങ്കുകളിൽ ധാരാളം ഷെയർ ഉള്ള ആളുകളുണ്ടു്. അതും കോടതി എടുത്തതു് തുല്യമായി എല്ലാവക്കും വീതിച്ചു കൊടുക്കട്ടെ. എന്റെ മക്കൾക്കും ഏതെങ്കിലും ബാങ്കുകളിലും കമ്പനികളിലും അഞ്ചോ പത്തോ ഷെയർ കിട്ടത്തക്കവണ്ണം ഏർപ്പാടു ചെയ്യുമെങ്കിൽ അതരക്കോടിപ്പായിരുന്നു. ആദ്യമായി ആ നടപടിയാണു് സ്വീകരിക്കേണ്ടതു്. അതു കൂടി ചിന്തിച്ചിട്ടുവേണം, ഈ ഭൂമി വീതിക്കുന്ന കാര്യം പറയാൻ, കമ്പനികളുടെ ലീഗൽഅഡ്വൈസറന്മാരും മറ്റും ഇതിനെ എതിർക്കുമായിരിക്കാം. പോരെങ്കിൽ ഭൂമിയിൽ പണം നിക്ഷേപിക്കുന്നതിനു ബേസിക് ടാക്സും കൂടി വച്ചിട്ടുണ്ടു്. അങ്ങിനെയും അവനിൽ നിന്നു ഏക്കറിനു രൂ ചക്രം ഈടാക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathu Kunjithomman.]

ഞാൻ ആരെയെങ്കിലും പ്രത്യേകം ഉദ്ദേശിച്ചു് പറയുകയല്ല. പൊതുവായി പറയുകയാണു്. എന്തിനാണു് ഈ മുനിസിപ്പാലിറ്റികളുടേയും സിറ്റികളുടേയും അതിർത്തിക്കകത്തുള്ള സ്ഥലങ്ങളെ ഈ ബില്ലിൽ നിന്നും ഒഴിവാക്കിയിരിക്കുന്നതു്. ഈ പട്ടണത്തിൽ തന്നെ എത്രയോ ആളുകൾ കുടികിടക്കുന്നുണ്ടു്. അവരെല്ലാം ധനവാന്മാരാണോ?. അവരെ അവിടെനിന്നു് ഇറക്കിവിട്ടാൽ അവർ എവിടെ പോകും?. അവർ എന്തു ചെയ്യും? നാട്ടിൻപുറത്താണെങ്കിൽ ഒരിടത്തുനിന്നു് ഇറക്കിയാൽ മറെറാരിടത്തു് സൗകര്യം കിട്ടി എന്നുവരും. പട്ടണത്തിലെ ഭൂമിയെല്ലാം വലിയ ഉദ്യോഗസ്ഥന്മാരുടേയും വക്കീലന്മാരുടേയും കച്ചവടക്കാരുടേയുമൊക്കെ ആയതുകൊണ്ടാണോ പട്ടണങ്ങളെ ഈ ബില്ലിൽ നിന്നും ഒഴിവാക്കിയിരിക്കുന്നതു്? പട്ടണങ്ങളിൽ കുറെ വേലക്കാരും തൊഴിലാളികളും ആവശ്യമില്ലേ? അതുപോലെ തന്നെ ദേവസ്വം വസ്തുക്കളേയും, കണ്ടുകൃഷി, ശ്രീപാദം ശ്രീപണ്ടാരം, എന്നിങ്ങനെയുള്ള വസ്തുക്കളേയും എന്തിനാണു് ഇതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നതെന്നു് എനിക്കു് മനസ്സിലാകുന്നില്ല.

MR. P. NANOO: ആ ഇനം വസ്തുക്കളെ ഉൾപ്പെടുത്താൻ ഈ നിയമസഭക്കു് അധികാരമുണ്ടോ?.

MR. THARIATHU KUNJITHOMMAN: അധികാരമില്ലെങ്കിൽ അധികാരം കിട്ടത്തക്കവണ്ണം വേണ്ട ആലോചനകളും പ്രവൃത്തികളും കൊണ്ടു് അധികാരം സമ്പാദിക്കണം. നമ്മുടെ മഹാരാജാവു തിരുമനസ്സുകൊണ്ടു് ജനക്ഷേമം കാംക്ഷിക്കുന്ന ഒരാളാണു്. അതുകൊണ്ടു തിരുമനസ്സുണർത്തിച്ചാൽ തീർച്ചയായും അനുവദിക്കാതിരിക്കുകയില്ല. എന്തിനാണു് ഈ സ്ഥലങ്ങളെല്ലാം ഒഴിച്ചിട്ടിരിക്കുന്നതു്? തിരുമനസ്സിലേക്കു് കൊട്ടാരം കെട്ടാനാണെങ്കിൽ എടുത്തുകൊള്ളട്ടെ. അല്ലാതെയുള്ള സ്ഥലങ്ങളും എടുത്തു സാധുക്കൾക്കു് കുടികെട്ടി കിടക്കാൻ ഒരിക്കലും തിരുമനസ്സുകൊണ്ടു് അനുവദിക്കാതിരിക്കുകയില്ല.

നാട്ടിൻപുറത്തു് ഒരാളിനു് അഞ്ചുപറക്കണ്ടമുള്ളതു് ഒരു നൂറുപറ കണ്ടമൊരാൾക്കു് പാട്ടം കൊടുത്താൽ അതു് ഒഴിപ്പിക്കാൻ പാടില്ലെന്നു് പറയുന്നതു് എത്രമാത്രം അന്യായമാണെന്ന മനസ്സിലാക്കികൊണ്ടു അയിരിക്കുകയില്ല ഈ ബില്ലു് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്നു തോന്നുന്നു. ജനങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും അവരുടെ സങ്കടങ്ങളുടെ സ്വഭാവങ്ങളും മനസ്സിലാക്കിയും അവ പരിഹരിക്കേണ്ട മാർഗ്ഗങ്ങളെപ്പറ്റി ജനതാല്പര്യത്തിൽ സഞ്ചരിച്ചു്

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായം അറിഞ്ഞും വേണം നാം ഉണ്ടാക്കുന്ന നിയമം ഇന്നായിന്ന വിധത്തിൽ ഇരിക്കണമെന്ന് തീരുമാനിക്കേണ്ടതു്. നിയമം എന്താണെന്നാണു കോടതികളിൽ നോക്കുന്നതു്. നാം നോക്കേണ്ടതു് നിയമം എന്തായിരിക്കണമെന്നാണു്. അതു് വച്ചുകൊണ്ടാണു് ഞാൻ പറയുന്നതു് ഈ ബില്ലിന്റെ ചില ഭാഗങ്ങളിൽ സാരമായ അതിവ്യാപ്തി ദോഷവും മറ്റു ചില ഭാഗങ്ങളിൽ അവ്യാപ്തി ദോഷവും ഉണ്ടെന്നു്. അതുകൊണ്ടു് ഇതു് പൂർണ്ണമായി സ്വീകരിക്കാൻ പാടില്ല. എന്റെ ബുദ്ധിയിൽ എത്തിയ കുറ്റങ്ങൾ വച്ചുകൊണ്ടാണു് ഞാൻ ഇതെല്ലാം പറഞ്ഞതു്. നിങ്ങളുടെ എല്ലാവരുടേയും അഭിപ്രായം കേട്ടതിനു ശേഷം എന്റെ അഭിപ്രായം മാറണമെന്നു തോന്നിയാൽ മാറാനും തയ്യാറുള്ളവനാണു് ഞാൻ. നിങ്ങളുടെ ബുദ്ധിയിൽ എന്റെ അഭിപ്രായം പ്രമാദരഹിതമാണെന്നു് കണ്ടാൽ നിങ്ങൾ അതു് സ്വീകരിക്കുമെന്നും വിശ്വസിക്കുന്നു. ഇതെല്ലാം പറഞ്ഞുകൊണ്ടു് ഈ ബില്ലിനെക്കുറിച്ചു് നിങ്ങളെല്ലാം ഗാഢമായി പരിചിന്തിക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

MR. A. THANU PILLAI : മി. കുഞ്ഞിത്തൊമ്മൻ ഇപ്പോൾ പ്രസ്താവിച്ചതുപോലെ ഈ ബിൽ വേണ്ടുവോളം ആലോചിച്ചല്ല എഴുതിയുണ്ടാക്കിയതെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ഏതൊരു ബില്ലിനും അടിസ്ഥാനമായ ചില തത്വങ്ങൾ ഉണ്ടു്. എന്നാൽ ഇതിൽ എന്തു തത്വമാണുള്ളതെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഒരുണ്ടത്തേക്കേ ഈ ബിൽ ഉദ്ദേശിച്ചിട്ടുള്ളൂ എന്നു പറഞ്ഞേക്കാം. അങ്ങനെ ഒരുണ്ടത്തേക്കു നിറുത്തിവയ്ക്കുകയാണെങ്കിൽതന്നെയും അതിനു തക്കതായ കാരണം വേണം. ഇന്നു് തിരുവിതാംകൂറിലെ ഭൂമിയെ സംബന്ധിച്ചാണെങ്കിൽ പാട്ടം കൊടുക്കുന്നതു് ഒരു സാധാരണ പതിവാണു്. ഭൂമി മേലാൽ പാട്ടം കൊടുക്കുന്നതിനെ നിറുത്തലാക്കണമെന്നാണോ ഈ ബില്ലുകൊണ്ടുദ്ദേശിച്ചിട്ടുള്ളതെന്നു് ഞാൻ ചോദിക്കുന്നു. മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞതിൽ വളരെ വളരെ കുറ്റങ്ങളും പരമാർത്ഥങ്ങളുമുണ്ടു്. ഫ്യൂഡൽ കൊല്ലം ഒരാളുടെ കയ്യിൽ പാട്ടമിരുന്നപോയാൽ അതു ഒഴിഞ്ഞുകൊടുക്കേണ്ടാത്തതരത്തിൽ ആണു് ഈ നിയമം ഉണ്ടാക്കിയിരിക്കുന്നതു്. ഫ്യൂഡൽ കൊല്ലമെന്നു പറഞ്ഞിരിക്കുന്നതു് ഒരാളിന്റെ കയ്യിൽതന്നെ ആയിരിക്കണമെന്നില്ല. മാറിമാറി പലരുടെ കയ്യിലായാലും വസ്തു ഉടമസ്ഥൻ പാട്ടം കൊടുത്തിട്ടു് ഫ്യൂഡൽ കൊല്ലം കഴിഞ്ഞുപോയാൽ ഒഴിഞ്ഞുകൊടുക്കേണ്ടാ എന്ന നിലയിലാണു് നാം എത്തിച്ചേർന്നിരിക്കുന്നതു്. ഭൂമി ഉടമയെ സംബന്ധിച്ചു് ഒരു നയം ഗവണ്മെന്റു് രൂപീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

[Mr. A Thanu Pillai]

ഉണ്ടെങ്കിൽ അതെന്താണു്? സാധാരണ ന്യായമാണെങ്കിൽ ഫ ഫ കൊല്ലത്തേക്കു വസ്തു പാട്ടം കൊടുക്കാൻ പാടില്ലെന്നു പറയുന്നതിനു് എന്തു് അടിസ്ഥാനമാണുള്ളതു്? ഫ ഫ കൊല്ലം പാട്ടം ഇരുന്നുപോയാൽ അതു് സ്ഥിരാവകാശമായിപ്പോകുമെന്നാണു് പറഞ്ഞിരുന്നതെങ്കിൽ അതു മനസ്സിലാക്കാൻ സാധിക്കുമായിരുന്നു. ഫ ഫ കൊല്ലം സ്ഥിരമായി ഒരാളുടെ കൈവശംവച്ചു് അദ്ധ്വാനിച്ചു് ഭേദണ്ഡമാക്കി ചെയ്തിട്ടുള്ളതുകൊണ്ടു് അതിനെ അടിസ്ഥാനമാക്കി ഒഴിഞ്ഞു കൊടുക്കേണ്ടതില്ല എന്നാണു പറഞ്ഞിരുന്നതെങ്കിൽ അതിൽ കുറച്ചു് കാര്യമുണ്ടെന്നു് സമ്മതിക്കാം. അതല്ലാതെ ഫ ഫ കൊല്ലം വസ്തു പാട്ടത്തിനു കൊടുത്തുപോയി എന്നുള്ളതുകൊണ്ടുമാത്രം അതൊഴിപ്പിക്കാൻ പാടില്ലായെന്നു് പറയുന്നതിൽ എന്തു തത്വമാണു്; എന്തു ന്യായമാണുള്ളതു് എന്നു് ഞാൻ ചോദിക്കുന്നു. അതൊരു തത്വമാണെങ്കിൽ എന്തുകൊണ്ടു് അതു് എല്ലാ വസ്തുക്കളേയും ബാധിക്കുന്നില്ല. സർ, ഇവിടെ ജന്മിഭൂമികളേയും കാണപ്പാട്ടഭൂമികളേയും സംബന്ധിച്ചു് പല നിയമങ്ങളും ഉണ്ടായിട്ടുണ്ടു്. സ്ഥിരാവകാശമായി കൈവശംവച്ചു് അനുഭവിച്ചുവന്നിരുന്ന വസ്തുക്കളെ ഒഴിപ്പിക്കുന്നതിനു് അവകാശമുണ്ടായിരിക്കുകയില്ലെന്നു മാത്രമേ ആ നിയമങ്ങളിൽ പറഞ്ഞിട്ടുള്ളു. ആ വക വസ്തുക്കൾ രാജ്യത്തിന്റെ മൂന്നിലൊന്നു വിസ്തീർണ്ണം വരുന്നവയാണു്. അങ്ങനെ ജന്മിവസ്തുക്കൾക്കു സ്ഥിരാവകാശം കൊടുക്കണമെന്നു് ഫ ൦ ഒ ൦ -ാമാണ്ടിടക്കുതന്നെ തീരുമാനിച്ചിട്ടുണ്ടു്. അന്നു് സ്ഥിരാവകാശത്തിലിരുന്ന ചില വസ്തുക്കൾ ഒഴിപ്പിച്ചെടുത്തതു് പാട്ടക്കാർക്കുതന്നെ തിരിച്ചു കൊടുക്കാനും ഗവണ്മെന്റു് ഏർപ്പാടു ചെയ്തിട്ടുണ്ടു്. അതിന്റെ തത്വം എനിക്കു മനസ്സിലാക്കാൻ കഴിയും. പ്രത്യേകിച്ചു് ഈ ബില്ലിൽ പറയുന്നതു് അങ്ങിനെയൊന്നുമല്ല. ദൈനംദിനകാര്യങ്ങളെപ്പോലും ബാധിക്കുന്നതായ ഒരു ബിൽ തന്നെയിതു്. അതുകൊണ്ടു് ഇതു വളരെ ആലോചിച്ചു് ചെയ്യേണ്ട ഒന്നാണു്. ഫ ഫ ൦ പേർ കൂടിയിരുന്നു ഇപ്പോലെ ഇവിടെ ഒരു നിയമം പാസാക്കിക്കളയാമെന്നാണു് ലാ മെമ്പറും, അറ്റോർണി ജനറലും വിചാരിക്കുന്നതെങ്കിൽ അതിനെ വിമർശിക്കാതെ തരമില്ല. എന്റെ മാന്യസ്നേഹിതൻ മി. കുഞ്ഞൻഅയ്യപ്പൻ ചേത്തലയിലെ വസ്തുക്കളെപ്പറ്റി പറയുകയുണ്ടായി. എനിക്കു് ആ വസ്തുക്കളെപ്പറ്റി ശരിയായി അറിഞ്ഞുകൂടായെങ്കിലും വളരെ സാധുക്കൾ കൈവശം വച്ചുകൊണ്ടിരിക്കുന്ന ജന്മിമാരുടെ വസ്തുക്കളാണു് ഈ പാട്ടവസ്തുക്കളെങ്കിൽ പാട്ടക്കാരുടെ കൈവശംതന്നെ ഇരുന്നുകൊള്ളട്ടെ എന്ന അഭിപ്രായമാണു്

LIBRARY ARCHIVES Kerala Legislative Assembly

എനിക്കുള്ളതു്. ദീർഘകാലംകൊണ്ടു് വെൺപാട്ടമയി വെച്ചനുഭവിച്ചു് ഭോഗ്യം ചെയ്തിട്ടുള്ള ഭൂമികയ്യൊഴിപ്പിക്കാൻ അവകാശമില്ലെന്നോ അല്ലെങ്കിൽ ആ വസ്തുക്കളിൽ പാട്ടക്കാർക്കു് സ്ഥിരാവകാശം കൊടുക്കണമെന്നോ പറഞ്ഞാൽ അതിൽ കുറെ ന്യായമുണ്ടു്. മനക്കൽ വകയായി വളരെ സ്വത്തുക്കൾ ഉണ്ടു്. കുടിയാന്മാരും വളരെയുണ്ടു്. അവരുടെ ഭോഗ്യത്തിന്റെ ഫലമായിട്ടാണു് ആ വസ്തുക്കൾ നന്നായിട്ടുള്ളതും. കുടിയാന്മാരെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും സഹകൂല്യം ചെയ്തുകൊടുക്കേണ്ടതു് വളരെ ആത്യാവശ്യമാണു്, അതു് ചെയ്യാവുന്നതുമാണു്. എന്നാൽ ഈ ബില്ലുകൊണ്ടുവന്നിരിക്കുന്നതു് അതിനൊന്നുമല്ല. ഈ ബില്ലു കൊണ്ടുവന്നപ്പോൾ ചില കണക്കുകളെങ്കിലുംകൂടി ഗവണ്മെൻറു് ഇവിടെ കൊണ്ടുവരേണ്ടതായിരുന്നു. എത്രമാത്രം ഭൂമികളാണു് ഈ ബില്ലിന്റെ പരിധിയിൽപ്പെടുത്തണമെന്നു് ഉദ്ദേശിച്ചിട്ടുള്ളതു്; എത്ര കുടിയാന്മാരേയും, ജന്മിമാരേയും ഇതു് ബാധിക്കും; എന്നിങ്ങനെയുള്ള കണക്കുകളൊന്നും കാണ്മാനില്ല. പിന്നെ ഈ ബില്ലു കൊണ്ടുവരുവാനുള്ള കാരണമായി ഇതിന്റെ ഉദ്ദേശകാരണവിവരണത്തിൽ പറഞ്ഞിരിക്കുന്നതു് വെറും പാട്ടക്കാരെ കുടിയിറക്കുന്നതിനുള്ള വ്യവഹാരങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നു് പരക്കെ പരാതിയുണ്ടായിട്ടുണ്ടെന്നാണു്. ഇതേപ്പറ്റി പറയുകയാണെങ്കിൽ വസ്തു ഒഴിഞ്ഞുകൊടുക്കുന്നതിനു് ആർക്കും ഇഷ്ടമുണ്ടായിരിക്കുകയില്ല. അതുകൊണ്ടു് വസ്തുക്കൾ ഒഴിപ്പിക്കുന്നതിൽ ധാരാളം പരാതിയുണ്ടായെന്നുവരാം. ആ വക പരാതികളെ അടിസ്ഥാനമാക്കി വച്ചുകൊണ്ടു് നിയമനിർമ്മാണം ചെയ്യാമോ എന്നാണു് ഞാൻ ചോദിക്കുന്നതു്. വളരെ ഭൂമിയുള്ള ജന്മിമാരുടെ വസ്തുക്കളിൽ താമസിക്കുന്ന കുടിയാന്മാർക്കു് സ്ഥിരമായി കുടികെട്ടിപ്പാർക്കുന്നതിനു് കുറെ സ്ഥലം എടുത്തു് കൊടുക്കണമെന്നുണ്ടെങ്കിൽ അതു് ചെയ്യാവുന്നതാണു്. അതാണുദ്ദേശിക്കുന്നതെന്നു് ഈ ബില്ലിൽനിന്നു കാണുന്നില്ല. ഞാൻ മുമ്പു പറഞ്ഞതുപോലെ ഏതു നിലയിൽ നോക്കിയാലും ഈ ബില്ലിൽ തത്വം ഒന്നും കാണുന്നില്ല. ഇൻഡ്യയിൽ ജന്മിത്വത്തെ മിക്കവാറും നശിപ്പിച്ചുകൊണ്ടിരിക്കുന്നതായ ഈ അവസരത്തിൽ ഇനിയും ഒരു തരം ചെറിയജന്മിമാരെക്കൂടി സൃഷ്ടിക്കണമെന്നാണോ ഗവണ്മെൻറു് ഉദ്ദേശിക്കുന്നതു്? അതുകൊണ്ടു് എനിക്കു പറയാനുള്ളതു് ചില സ്നേഹിതന്മാർ ഇവിടെ പ്രസ്താവിച്ചതുപോലെ ഭൂമിയുടമയെ സംബന്ധിച്ചു് സ്ഥിരമായ ഒരു നയം ഗവണ്മെൻറു് കൈക്കൊള്ളണമെന്നാണു്. ഈ ബില്ലിലുള്ള വൈകല്യങ്ങൾ ചില്ലറ ഒന്നുമല്ല. ഒറ്റി വസ്തുക്കളാണെങ്കിൽ ഒഴിപ്പിക്കാം. ഒഴിഞ്ഞില്ലെങ്കിൽ വ്യവഹാരം കൊടുത്തു ഒഴി

LIBRARY ARCHIVES Kerala Legislative Assembly

ട്ടിക്കാം. എന്നാൽ പാട്ടമാണെങ്കിലോ ഒഴിപ്പിക്കാൻ പാടില്ലെന്നാണു് വ്യവസ്ഥ. ഒരാൾ ഒരു വസ്തു ഒറ്റിവാങ്ങിച്ചു പാട്ടം കൊടുത്തുപോയാൽ വസ്തു ഉടമസ്ഥൻ ഒറ്റി ഒഴിപ്പിച്ചാൽ തന്നെയും പാട്ടം ഒഴിപ്പിക്കാൻ പാടില്ല; വസ്തു കൈവശം കിട്ടുകയുമില്ല. ഏതു തത്വത്തെ അടിസ്ഥാനമാക്കിയാണു് ഇതു് എഴുതിയിരിക്കുന്നതു്? ഇതിനാരാണുത്തരവാദിയെന്നു് ഞാൻ ചോദിക്കുന്നു. എവിടെയെങ്കിലും ഇങ്ങനെയൊരു നിയമനിർമ്മാണം ഉണ്ടോ? ആരുടെ ആവശ്യപ്രകാരമാണു ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതെന്നു് എനിക്കു് മനസ്സിലാകുന്നില്ല. ചുരുക്കത്തിൽ എനിക്കു പറയാനുള്ളതു് ഇവിടെ ഭൂമിയെ സംബന്ധിച്ച ഒരു നയം രൂപീകരിച്ചു് വ്യവസ്ഥപ്പെടുത്തേണ്ടകാലം വളരെ അതിക്രമിച്ചിരിക്കുന്നു എന്നാണു്. അതിൽ രണ്ടഭിപ്രായത്തിനു് വകയില്ല. അങ്ങനെ ചെയ്യാതിരിക്കുന്നിടത്തോളംകാലം ഭൂസംബന്ധമായ കുഴപ്പങ്ങൾ ഈ രാജ്യത്തു തീരാൻ പോകുന്നില്ല. ഒരു കുടിയിറക്കുനിരോധനബില്ലും ഇവിടെ കൊണ്ടുവന്നിട്ടുണ്ടു്. ഈ ബിൽ ആലോചനക്കെടുക്കുന്നതിനുമുമ്പു് ആ ബിൽ എടുക്കേണ്ടതായിരുന്നു. ആർഡർ അനുസരിച്ചായിരുന്നു ബില്ലുകൾ ആലോചനയ്ക്കെടുത്തതെങ്കിൽ ആ കാരണത്താലെങ്കിലും അതു് ആദ്യം പാടില്ലെന്നു പറയാമായിരുന്നു. എന്നാൽ ആർഡർമാറ്റി എടുത്ത സ്ഥിതിക്കു് ആ ബിൽ തന്നെ ആദ്യമായി ആലോചനക്കെടുത്തു് പാസ്സാക്കാമായിരുന്നു. ആ ബില്ലിലും വളരെ വൈകല്യങ്ങൾ ഉണ്ടെന്നിരുന്നാലും ആ വൈകല്യങ്ങൾ പരിഹരിച്ചതാദ്യമായി അതു പാസാക്കേണ്ടതാണു്. അതു ചെയ്യാതെ ഈ ബില്ലു് ഇതു അടിയന്തിരമായി ഇവിടെ കൊണ്ടുവരേണ്ടയാവശ്യം യാതൊന്നും ഞാൻ കണ്ടില്ല. ഈ ബിൽ ആവശ്യമാണെന്നു് സഭയ്ക്കു ബോദ്ധ്യപ്പെട്ടുന്നതായാൽ ഇതു് ഒരു സെലക്ട് കമ്മിറ്റിക്കു് അയച്ചു് വളരെ സൂക്ഷ്മമായി പരിശോധിച്ചു് ഏതെല്ലാം വസ്തുക്കൾക്കു് ഇതു് ബാധകമാകുമെന്നു് നല്ലവണ്ണം ആലോചിച്ചു് അതിന്റെ നാനാവശങ്ങളേയും പരിചിന്തിച്ചു് പാസാക്കേണ്ടതാണു്. താമസിക്കാൻ സ്ഥലമില്ലാത്ത ആളുകളെ ഇറക്കി വിടാതിരിക്കാൻ താൽക്കാലികമായി വ്യവസ്ഥ ചെയ്യുകയാണു് ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതെന്നു പറയുന്നു. അര ഏക്കർ സ്ഥലമുള്ള ഒരാൾ മറ്റൊരാളിനു് കുടികെട്ടി താമസിച്ചുകൊള്ളാൻ അനുവാദം കൊടുത്താൽ ഒഴിപ്പിക്കാൻ അവകാശമില്ലെന്നു വരുന്നതു് ശരിയാണോ? അൻപതോ നൂറോ ഏക്കർ സ്ഥലമുള്ള ഒരു ധനികൻ ആ ഭൂമിയിലെ വസ്തുക്കളിൽ ആരേയും പ്രവേശിപ്പിക്കാതെ നല്ല കരിങ്കല്ലു് മതിലുമൊക്കെകെട്ടി സ്വന്തമായി കൈവശംവെച്ചനുഭവിച്ചാൽ അയാൾക്കു് ഇതുകൊണ്ടു് യാതൊരു കുഴപ്പവും വരുന്നില്ല. പോരെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

അടുത്തുള്ള ഒരു അഞ്ചേക്കർസ്ഥലം ആ ധനികൻ പാട്ടം വാങ്ങിയിരുന്നാൽ ആ വസ്തു ഉടമസ്ഥന് വേറെ വസ്തു ഇല്ലെങ്കിലും അതു തിരിച്ചു കൊടുക്കേണ്ടാ എന്ന് ഈ നിയമം കൊണ്ടുവരുകയും ചെയ്യുന്നു. സൗജന്യമായി ഒരു കുടികെട്ടി താമസിച്ചുകൊള്ളുവാൻ വല്ല സാധുക്കളും മറ്റൊരാളിനു് അനുവാദം കൊടുത്തുപോയാൽ ഇങ്ങനെ ഒഴിപ്പിക്കാൻ പാടില്ലെന്നു് ഒരു നിയമം ഉണ്ടാക്കുന്നതു് ആരുടെ ആവശ്യത്തിനു വേണ്ടിയാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. താൽക്കാലികമായി വസ്തു ഒഴിപ്പിക്കുന്നതിനെ ഒരു നിയമംകൊണ്ടു നിരോധിച്ചാൽതന്നെയും ഒരാളിന്റെ സ്ഥലത്തു് മറ്റൊരാളിനു് സ്ഥിരമായി താമസിക്കാൻ സാധ്യമല്ല. അതുകൊണ്ടു് ഭൂമിയുടെ കാര്യത്തിൽ ഉടനടി എന്നോണം ഒരു നല്ല കമ്മിറ്റിയെ ഉണ്ടാക്കി വേണ്ട അന്വേഷണങ്ങളും നടത്തി കഴിയുന്നതും വേഗത്തിൽ ശരിയായ ഒരു നയം രൂപീകരിക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. അതല്ലെങ്കിൽ ഈ നാട്ടിൽ എന്നും ശല്യങ്ങളും ഉണ്ടായിക്കൊണ്ടിരിക്കും. കുടികെട്ടി പാർക്കുവാൻ സ്ഥലമില്ലാത്ത ആളുകളും തിരുവിതാംകൂറിന്റെ എല്ലാ ഭാഗങ്ങളിലുമുണ്ടു്. ഒരാളിന്റെ പുരയിടത്തിൽ നിന്നും ഇറക്കിവിടാൻ പാടില്ലെന്നു നിയമമുണ്ടാക്കിയാലും സമാധാനമുണ്ടാകുകയില്ല. ഇറക്കിവിടാൻ സാധ്യമല്ലാതെ വരുമ്പോൾ രാത്രിയിൽ തേങ്ങാ അടർത്തു എന്നോ പാക്കു പറിച്ചു എന്നോ പറഞ്ഞു കേസുകളും കൊടുക്കാൻ ഇടയുള്ളതും അങ്ങനെ കുഴപ്പങ്ങളും വർദ്ധിക്കാൻ കാരണമാകുന്നതുമാണു്. പലപ്പോഴും ഈ മാതിരി കേസുകളിൽ പോലീസ് ഇടപെടേണ്ട ആവശ്യം നേരിടുകയും ചെയ്യും. താൽക്കാലികമായ എന്തെങ്കിലും നിയമമുണ്ടാക്കുന്നതുകൊണ്ടു് പ്രതീക്ഷിക്കുന്നതുപോലുള്ള പ്രയോജനമുണ്ടാകുമെന്നു വിചാരിക്കാൻ ന്യായമില്ല. അതുകൊണ്ടു് ശാശ്വതമായ ഒരു നയമാണു് ഗവണ്മെൻറും ഈ സഭയും കൈക്കൊള്ളേണ്ടതു്.

ഫ 0 0 0 ഏക്കർകാരൻ അഞ്ചേക്കർ പാട്ടം വാങ്ങിയിരുന്നാൽ അതു് ഒഴിഞ്ഞുകൊടുക്കേണ്ട എന്നു പറയുന്നതു് ന്യായമല്ല. അതുകൊണ്ടു് ഈ ബില്ലു് സഭീകരിച്ചാൽതന്നെയും ഇതു വിസ്തീർണ്ണത്തിൽ കൂടുതൽ ഭൂമി കൈവശമുള്ള ആളുകൾക്കു് ഈ ബില്ലിലെ വ്യവസ്ഥകൾ സഹായകമാകാൻ പാടില്ല എന്നകൂടി വ്യവസ്ഥ ചെയ്യേണ്ടതാണു്. ഒരു ഇരുപതു് ഏക്കറെന്നോ ഇരുപത്തഞ്ചേക്കറെന്നോ ഏതെങ്കിലും ഒരു ക്ലിപ്തവച്ചു് അതിൽ കൂടുതൽ വസ്തു കൈയ്യശമുള്ളവർ പാട്ടമൊഴിഞ്ഞുകൊടുക്കാതിരിക്കാൻ ഈ നിയമം സഹായകമാകരുതെന്നു തന്നെ നിർ

LIBRARY ARCHIVES Kerala Legislative Assembly

ബന്ധം വയ്ക്കണം. അതുപോലെതന്നെ അഞ്ചേക്കറോ പത്തേക്കറോ കൈവശമുള്ള ഒരാൾ വീടുകെട്ടി താമസിക്കാൻ വേറെ സ്ഥലമില്ലാത്ത ഒരാളിൽനിന്ന് അരയേക്കറോ ഒരേക്കറോ പാട്ടം വാങ്ങിയിരുന്നാൽ അതും ഒഴിപ്പിച്ചെടുക്കുന്നതിനെ തടസ്സപ്പെടുത്തത്തക്കവണ്ണം നിയമമുണ്ടാക്കരുത്. എല്ലാവക്കും വീടുകെട്ടി താമസിക്കുന്നതിനുള്ള സൗകര്യം കൊടുക്കണം. ഈ ബില്ലിനെപ്പറ്റി മാത്രമാണ് ഞാൻ ഇതുവരെ സംസാരിച്ചുകൊണ്ടിരുന്നത്. എന്നാൽ പൊതുവായ ഒരു തത്വം നാം സ്വീകരിക്കണമെന്നാണ് ഇനി എനിക്കു പറയുവാനുള്ളത്. ഏതു കാര്യവും അതിന്റെ ന്യായാന്യായങ്ങൾ നോക്കിചെയ്യണം. ജനങ്ങളുടെ ഗുണത്തിന് അത്യാവശ്യമെന്നു തോന്നിയാൽ എവിടെനിന്നും ഏതുതരം ഭൂമിയും കരസ്ഥമാക്കുന്നതിന് ഉള്ള അധികാരം ഗവണ്മെന്റിനുണ്ടായിരിക്കണം. അങ്ങനെ ഭൂമി പിടിച്ചെടുക്കുന്നതിൽ യാതൊരു തെറ്റുമില്ല. പത്തേക്കർകാരന്റെ കയ്യിൽനിന്ന് വീടുകെട്ടാൻ സ്ഥലമില്ലാത്ത വേറൊരാളിന് ഒരേക്കർ സ്ഥലം എടുത്തു കൊടുക്കുന്നതിൽ യാതൊരു ദോഷവുമില്ല. എന്നാൽ ഒരു കാര്യംകൂടി നോക്കേണ്ടതുണ്ട്. അങ്ങനെ ഭൂമി എടുത്തു പാവങ്ങൾക്കു കൊടുക്കുമ്പോൾ അതിനു ന്യായമായ പ്രതിഫലം കൊടുക്കുന്നതിനും വ്യവസ്ഥ ചെയ്യേണ്ടതു് ആവശ്യമാണു്. ന്യായമായ പ്രതിഫലം കൊടുത്തു കൂടുതൽ ഭൂസ്വത്തു വച്ചുകൊണ്ടിരിക്കുന്നവരിൽനിന്നും ഭൂമിയെടുത്തു് സാധുക്കൾക്കു കൊടുക്കുകതന്നെ വേണം. ഇപ്പോൾതന്നെ ഇവിടെ കമ്മ്യൂണിസ്റ്റുകാരെക്കുറിച്ചു പറയുകയുണ്ടായി. നമുക്കു് ശരിയായ ഒരു നയമില്ലെങ്കിൽ കമ്മ്യൂണിസം വരുന്നു എന്നു പറഞ്ഞതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. ഭൂമിയുടമയെ സംബന്ധിച്ചു വ്യവസ്ഥിതിയാണ് രാജ്യത്തിന്റെ നന്മയ്ക്കും തിന്മയ്ക്കും കാരണമാകുന്നതു. ചില സ്ഥലങ്ങളിൽ അളുകൾ ചട്ടങ്ങൾ വകവെയ്ക്കാതെതന്നെ വസ്തുക്കളിൽ പ്രവേശിച്ചു് കുടികൾ കെട്ടുകയും മറ്റും ചെയ്യുവരുന്നതായി കേൾക്കുന്നു. ഒന്നോ രണ്ടോ കേസുകളുണ്ടായാൽ അതിനെ നേരിടാൻ പോലീസിനു് സാധിക്കും. എന്നാൽ രാജ്യം ഒട്ടാകെ അത്തരം കേസുകൾ ധാരാളമായി ഉണ്ടായാൽ അതിനെ നേരിടാൻ നമുക്ക് എങ്ങനെ സാധിക്കും? അതുകൊണ്ടു് നാം വളരെ കാര്യമായി ആലോചിച്ചു് ജനങ്ങൾ നിയമങ്ങൾ വകവയ്ക്കാതെ പ്രവർത്തിക്കാൻ തയാറാകുന്ന ഒരു അവസ്ഥ സംജാതമാക്കാതിരിക്കാൻ സൂക്ഷിക്കണം. ഇൻഡ്യയിൽ മറ്റൊരുത്തും ചെയ്തിട്ടില്ലെന്നവച്ചു് ഏതെങ്കിലും ഒരു കാര്യം നമ്മുടെ രാജ്യത്തിനു് ആവശ്യമാണെന്നു് കണ്ടാൽ അതു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാതിരിക്കണമെന്നില്ല. ഇന്നലെ ഇവിടെ ഒരു സ്നേഹിതൻ ചോദിച്ചു, എന്തുകൊണ്ടാണ് ഈ വെറും പാട്ടവസ്തുക്കൾമാത്രം ഒഴിപ്പിക്കാൻ പാടില്ലെന്നു പറയുന്നതു്, ഒറിവസ്തുക്കൾകൂടി ഒഴിപ്പിക്കാൻ പാടില്ലെന്നു നിയമമുണ്ടാക്കിക്കൂടെ എന്നു്. എന്നാൽ ഒരുപടികൂടി മുമ്പോട്ടുപോയി ഞാൻ ചോദിക്കുന്നു എന്തുകൊണ്ടു് സാധുജനങ്ങളുടെ ആവശ്യത്തിനുവേണ്ടി ജന്മവസ്തുക്കൾ അതായതു് സർവ്വാവകാശമുള്ള വസ്തുക്കൾതന്നെ ഗവണ്മെൻറിനു് കൈക്കലാക്കിക്കൂടായെന്നു്. ജനക്ഷേമത്തിനും പൊതുസമാധാനത്തിനും ആവശ്യമെന്നു കണ്ടാൽ അതും ചെയ്യണം. അല്ലാതെ ഈ മാതിരി താൽക്കാലികമായ നിയമങ്ങൾ കൊണ്ടൊന്നും കാര്യമാകുകയില്ല. ഈ ബില്ലിൽ പല ന്യൂനതകളും ഉണ്ടെന്നു് ഞാൻ നേരത്തേതന്നെ പറഞ്ഞുകഴിഞ്ഞു. ഭൂമി സ്വന്തമായി കൃഷിചെയ്യാത്ത ജന്മിമാരിൽനിന്നും എടുത്തു് കൃഷിക്കാരായ ആളുകൾക്കു് കൊടുക്കാൻ വ്യവസ്ഥ ചെയ്യുന്നതും നല്ലതുതന്നെ. പക്ഷെ അതും വളരെ ആലോചിച്ചു് ചെയ്യേണ്ട ഒരു കാര്യമാണു്. ഒരാളിന്റെ ഭൂമി അന്യായമായി മറ്റൊരാളിനു് എടുത്തു കൊടുത്തു എന്നു പറയാൻ ഇടയാകരുതു്. സാധുക്കൾക്കു് വേണ്ട സംരക്ഷണവ്യവസ്ഥകളൊന്നും ഇല്ലാതെ ഈ ബിൽ പാസ്സാക്കരുതെന്നു് എനിക്കു അപേക്ഷയുണ്ടു്. ഇപ്പോൾ ഇവിടെ കൊണ്ടുവന്നിരിക്കുന്ന രൂപത്തിൽ ഈ ബില്ലിനെ അനുകൂലിക്കാൻ നിവൃത്തിയില്ല. ബില്ലിന്റെ അവതാരകൻ എന്തൊക്കെയാണു് പറയാനുള്ളതെന്നു് എനിക്കു നിശ്ചയമില്ല. ഏതായാലും ഇതു് ഒരു സെലക്ട് കമ്മിറ്റിക്കയച്ചു് ഇതിന്റെ എല്ലാ വശങ്ങളേയുംപറ്റി നല്ലവണ്ണം ചിന്തിച്ചു് ആവശ്യമായ മാറ്റങ്ങളോടുകൂടിയല്ലാതെ പാസ്സാക്കരുതെന്നാണു് ഞാൻ അപേക്ഷിക്കുന്നതു്.

MR. K. SIVARAMA PILLAI (*Thovala—General*): Sir, I oppose the Bill. It is quite unnecessary. This bill seeks to afford protection only to a particular class of lessees, that is lessees who have holding for more than 12 years. First we have to consider whether such lessees really suffer hardship and whether they require protection at all. To be a lessee for 12 or more years, the qualities that are required are: he must be honest; he must pay the rent properly and must not be wasting the property but only improving it. Only such of those lessees could continue for twelve years. Otherwise, they would have been evicted long before and could not have been continuing as lessees. The relationship between such of those lessees and the landlords would be only too cordial. This bill, however, makes the relationship a little bit embittered. For the first time a right of occupancy is given to them; the moment they feel a right, they will think twice in paying the rent and in improving the property.

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. GANGADHARA MENON: Does this bill in any section give a right of occupancy? It only seeks to stay suit and execution proceedings.

MR. K. SIVARAMA PILLAI: The stay of proceedings and also the promise that is contained in the statement of object and reasons that the Government is going to have a permanent measure within one year will make the relationship between the landlord and the tenant not cordial. It would only embitter the relationship and see that the property is wasted and not improved. So, the only thing this bill does is an evil effect and no good effect. Though in the statement of objects and reasons it is stated "It is to give protection to the verumpattom holders," the people that are affected by it are only those lessees who hold for more than twelve years. Though it is said here that a lot of suits are pending, I may assure the House that I have not come across or heard a single suit in our courts against a lessee for more than twelve years for an eviction. I challenge the Hon'ble Member for Law to show one instance in our place of a landlord having sued a tenant who was holding the land, paddy field or cocoanut garden, for more than twelve years, and the suit pending against him. I am not aware of the conditions in Shertalai and other places, but so far as our place is concerned, this bill will have only an evil effect.

Regarding the other Bill, it is suggested that for landless people houses must be provided, and that that bill seeks to stay only suits for eviction. The simple thing Government could have done is to stay dispossession of houses for one year by suits and in the meantime bring an enactment. What this Act will do is, though they will say it is only for one year, they will say it is extended for another year and no permanent law would be enacted here. Instead of that, let dispossession of houses in Travancore be stayed for six months or one year and by that time a comprehensive law after due enquiry be enacted and introduced in this House. With these words, Sir, I oppose the Bill.

MR. S. NILAKANTA IYER (*Trivandrum I—General*): ഞാൻ ബില്ലിനെ എതിർക്കുന്നു. ഈ ബിൽ പ്രഥമദൃഷ്ട്യാ സാധുക്കൾക്കു വേണ്ടി ഉണ്ടാക്കിയിരിക്കുകയാണെന്നു തോന്നുന്നുവെങ്കിലും വാസ്തവത്തിൽ സാധുക്കളെ സഹായിക്കത്തക്ക രീതിയിലുള്ള ഒരു ബില്ലല്ലാ ഇതു്. ഈ ബില്ലിൽ സകലവിധമായ പാട്ടങ്ങളും ഉൾപ്പെട്ടുന്നതാണു്. സാധാരണയായി ഇപ്പോൾ പാട്ടം വാങ്ങിച്ചിരിക്കുന്ന ആളുകൾ വെറും സാധുക്കളല്ലാതെയാണു കണ്ടുവരുന്നതു്. ഒരേക്കർ ഭൂമിയോ പത്തുസെന്റ് ഭൂമിയോ പാട്ടം വാങ്ങിച്ചുകൊണ്ടിരിക്കുന്നവരും അതുപോലെ ആയിരം ഏക്കറോ രണ്ടായിരം ഏക്കറോ പാട്ടംവാങ്ങിച്ചനുഭവിച്ചുകൊണ്ടിരിക്കുന്നവരും ഈ ബില്ലിൽ ഉൾപ്പെട്ടുന്നതാണു്. ഒരായിരം ഏക്കർ ഭൂമി

LIBRARY ARCHIVES Kerala Legislative Assembly

പന്ത്രണ്ടുവർഷമായി പാട്ടത്തിനു വച്ചനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരാളെ ഒരു ഡിക്രിപ്രകാരമോ വ്യവഹാരപ്രകാരമോ നടപടി നടത്തി വസ്തു ഒഴിപ്പിക്കുന്നതിന് ഈ ബില്ലിൻപ്രകാരം സാധിക്കാതെയാണിരിക്കുന്നത്. ഇതിൽ നിന്നും മനസ്സിലാകുന്നത് ഇതു സാധുക്കളെ മാത്രം ഉദ്ദേശിച്ച ഒരു ബില്ലല്ല എന്നാണ്. എനിക്ക് ഒന്നു പറയാനുള്ളത് ഈ പാട്ടം തന്നെ ബിസിനസ്സായി വച്ചുകൊണ്ടിരിക്കുന്നവർ ധാരാളം ഉണ്ടെന്നാണ്. നാഞ്ചിനാട്ടിലും കുട്ടനാട്ടിലും ഈ പാട്ടക്കാർ ധാരാളം ഉണ്ട്. ധനസ്ഥാധീനവും ഭൂസ്വത്തും ധാരാളം ഉള്ളവരാണ് പാട്ടത്തിനു ഭൂമി വാങ്ങിച്ചിരിക്കുന്നത്. അല്ലാതെ യഥാർത്ഥ കൃഷിക്കാരല്ല. അവർ കൃഷിക്കാരന്മാരെക്കൊണ്ടു ജോലി ചെയ്യിച്ചു പാട്ടംനടത്തി ഭൂമിഉടസ്ഥന്മാർക്കു പാട്ടം കൊടുക്കുന്നു. അങ്ങനെ ഉള്ളവർക്കു ഗുണകരമായ ഒരു ബിൽ ആണിത്. ഇതിനാസ്പദമായ മെയിൻബിൽ അവതരിപ്പിച്ചിരിക്കുന്നത്, ആരെങ്കിലും അടകുടി കിടന്നാൽ അതിൽ നിന്നും അവരെ ഒഴിവാക്കാൻ പാടില്ലെന്നുള്ളതാണ്. അതായതു അതു് അടകുടികിടക്കുന്നവരെ മാത്രമേ ബാധിക്കു. എന്നാൽ ഈ ബില്ലാണെങ്കിൽ എത്ര വളരെ സ്ഥലം പാട്ടക്കാരന്റെ കൈവശം ഉണ്ടായിരുന്നാലും സിവിൽ കോർട്ടുമുഖാന്തരം ആ വസ്തുക്കൾ ഒഴിപ്പിക്കുന്നതിനു നേരത്തെ ഡിക്രി സമ്പാദിച്ചിരുന്നാലും അയാളെ വിട്ടു ഭൂമിയും സ്ഥലവും ഒഴിപ്പിക്കുവാൻ പാടില്ല എന്നാണ് വരുത്തുന്നത്. അതിനാൽ ഈ ബില്ല് ഒരു റവല്യൂഷനറി ലെജിസ്ലേഷനാണ്. ഈ നിയമപ്രകാരം സ്ഥലമോ കെട്ടിടമോ ഒന്നും ഒഴിപ്പിക്കുവാൻ ഉടമസ്ഥനു് അവകാശമില്ല. പാട്ടക്കാരുടെ വീടു പൊളിച്ചുമാറ്റാൻ പാടില്ലാ എന്നാണെങ്കിൽ അതിന്റെ കാര്യം മനസ്സിലാക്കാം. എന്നാൽ അതല്ലാ ഇതുകൊണ്ടു വരുന്നത്. ആരു പാട്ടം വാങ്ങിച്ചാലും എന്തു സ്ഥലം തന്നെ ഉണ്ടായിരുന്നാലും ഇതു് ഒരുപോലെ ബാധിക്കും. ആ കാരണത്താലാണ് റവല്യൂഷനറി ലജിസ്ലേഷൻ എന്നു ഞാൻ പറഞ്ഞതു്. കാലാവധി വച്ചതും ഇല്ലാത്തതുമായ എല്ലാ പാട്ടത്തേയും ഇതു ബാധിക്കുന്നതാണ്. ഇപ്രകാരമുള്ള ഒരു ലജിസ്ലേഷൻ ഈ പതനത്തിൽ ആവശ്യമില്ലെന്നാണ് എനിക്കു തോന്നുന്നത്. മെയിൻബില്ലായ പ്രിവൻഷൻ ആഫ് എവിക്ഷൻ ബില്ലിൽ സാധുക്കളും ആ ഭൂമിയിൽതന്നെ കുറേനാളായി പാർത്തു ഉപജീവനം കഴിക്കുന്നവരുമായ ആളുകൾക്ക് "building at their cost" കൊടുക്കണമെന്നു മാത്രമേ പറഞ്ഞിട്ടുള്ളു. അഥവാ ഒരു പക്ഷെ അവിടെ കൊടുത്തില്ലെങ്കിൽ വേറെ ഏതെങ്കിലും ഒരു സ്ഥലം അവർക്കു കൊടുക്കണമെന്നും കൂടി അതിൽ വകുപ്പുണ്ട്. നേരേമറിച്ചു ഇതിലാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Nilakanta Iyer]

ണെങ്കിൽ ഒരു ഡിക്രിയും പാടില്ല, സൂട്ടും പാടില്ല, സ്ഥലം എത്രവളരെ ഉണ്ടായിരുന്നാലും പാട്ടക്കാരൻ ആയിരുന്നാലും സ്ഥലം ഒഴിപ്പിക്കുവാൻ പാടില്ല എന്നൊക്കെയാണ് ഖണ്ഡിതമായി പറഞ്ഞിട്ടുള്ളത്. അതു കൊണ്ടു സാധുക്കളായ പല ആളുകൾക്കും വളരെ സങ്കടമുണ്ട്. വസ്തുക്കൾതന്നെ ഇവ നാട്ടിൽ ഒരോരുത്തർക്കും ഓരോ സ്ഥലത്താണുള്ളത്. സാധാരണ ആളുകൾ അധികവും പാട്ടക്കാരെയാണ് വസ്തുക്കൾ ഏൽപ്പിക്കുന്നത്. സ്വല്പശമ്പളക്കാരും സാധുക്കളും ആയ ആളുകൾ ഒന്നേക്കറോ രണ്ടേക്കറോ വസ്തു അവരുടെ കൈവശം ഉള്ളതു് അന്യരുടെ പക്കൽ പാട്ടത്തിന കൊടുത്തിട്ടു മറു ദിക്കുകളിൽ ചെന്നു് ഉപജീവനം കഴിക്കുന്നുണ്ട്. അവരെ എല്ലാം ബാധിക്കുന്ന ഒരു ബില്ലാണ് ഇതു്. ഒരു വലിയ ഭൂരിപക്ഷം സാധുക്കൾക്ക് ഈ നിയമംമൂലം ഉപദ്രവം ഉണ്ടാകാനിടയുണ്ട്. ഈ തിരുവനന്തപുരത്തിരിക്കുന്ന അനേകം ആളുകൾക്കും നാഞ്ചിനാട്ടും കുട്ടനാട്ടും വസ്തുക്കൾ ഉണ്ട്. ഈ വസ്തുക്കൾ ഒരു വർഷത്തേക്കോ രണ്ടു വർഷത്തേക്കോ ഉള്ള കാലാവധിക്ക് പാട്ടത്തിന കൊടുത്തിട്ട് അവർ ഇവിടെ വന്നു് അവരുടെ ഉപജീവനം കഴിക്കുകയാണ്. എന്നാൽ ഈ നിയമം വരുന്നതായാൽ അവർക്ക് അവിടെ ചെന്നു വസ്തു ഒഴിപ്പിക്കാനും പാടില്ല, ഡിക്രി സമ്പാദിക്കുവാനും പാടില്ല എന്നൊക്കെ വരുന്നതു വലിയ കഷ്ടമാണ്. എന്റെ മാന്യസ്നേഹിതൻ പറഞ്ഞതുപോലെ ഒരു സ്റ്റഡീഡ് ലാൻഡ് പാളിസികൊണ്ടല്ലാതെ ഈമാതിരി നിയമങ്ങൾകൊണ്ടു സാധുക്കൾക്കു ഗുണമൊന്നും ഉണ്ടാകയില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. ഈ ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുകയും ഈ ബില്ലു് പാസ്സാക്കുന്നതിനെക്കാൾ നല്ലതു് മെയിൻബില്ലായ പ്രിവൻഷൻ ആഫ് എവിക്ഷൻ ബിൽ പാസ്സാക്കുകയായിരിക്കും എന്നാണ് എനിക്കു പറയുവാനുള്ളതു്. ഞാൻ ബില്ലിനെ ശക്തിയായി എതിർക്കുന്നു.

MR. E. P. POULOSE : ഞാൻ ഈ ബില്ലിന്റെ തത്വത്തോടു പരിപൂർണ്ണമായി യോജിക്കുന്നു. ഇന്നു് അധികാരത്തിൽ ഇരിക്കുന്ന കക്ഷി ഏതാനും മാസങ്ങൾക്കു മുമ്പു് രാജ്യം ഒട്ടാകെ പ്രസംഗിച്ചു നടന്ന അവസരത്തിൽ സാധുക്കളായ ആളുകൾക്ക് പ്രത്യേകിച്ചു വെറും പാട്ടവസ്തുക്കൾ അനുഭവിക്കുന്ന ആളുകൾക്ക് അവരാൽ കഴിയുന്ന സഹായം ചെയ്തുകൊടുക്കാമെന്നു പറഞ്ഞതായി ഞാൻ ഓർക്കുന്നു. കോൺഗ്രസ്സ് കക്ഷിയുടെ പ്രകടനപത്രികയിൽതന്നെ ജന്മികളും കുടിയാന്മാരും തമ്മിലുള്ള ബന്ധം നീതിപൂർവകമായ അടിസ്ഥാനത്തിൽ പുലത്തിക്കൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടുപോകാൻ ശ്രമിക്കാമെന്ന് അവർ അസന്ദിഗ്ദ്ധമായ ഭാഷയിൽ പ്രഖ്യാപനം ചെയ്തു. അതിന് ഒരു പക്ഷെ ഒന്നിലധികം വ്യാഖ്യാനങ്ങൾ ഉണ്ടാകാം. എന്നാൽ മിക്കവാറും ആളുകൾ വെറും പാട്ടക്കുടിയാന്മാരോട് കാൺഗ്രസ് ചെയ്തിട്ടുള്ള വാഗ്ദാനമായിട്ടാണ് അതിനെ മനസ്സിലാക്കുന്നത്.

അതേ തുടർന്ന് ഉത്തരവാദിത്വമുള്ള പല നേതാക്കന്മാരും പല സ്ഥലത്തുംവച്ച് വെറും പാട്ടക്കുടിയാനവന്മാർക്ക് അവർ കൈവശം വച്ചു കൊണ്ടിരിക്കുന്ന വസ്തുക്കൾക്ക് സ്ഥിരാവകാശം ലഭിക്കത്തക്ക വിധത്തിൽ ആവശ്യമുള്ള നിയമം ഉണ്ടാക്കാൻ ശ്രമിക്കുന്നതാണെന്ന പലപ്പോഴും പ്രസംഗിച്ചിട്ടുണ്ട്. ഈ പ്രസ്താവനകളുടെ എല്ലാം ഫലമായി കഴിഞ്ഞ ഏതാനും മാസങ്ങളായി, വിശേഷിച്ചും ഉത്തരതിരുവിതാംകൂറിൽ അടകുടി കിടക്കുന്ന പലരേയും അവർ താമസിക്കുന്ന സ്ഥലത്തു നിന്നും ഒഴിപ്പിക്കുവാൻ പല കേസുകളും ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ ഏതാനും മാസങ്ങളായി ഇങ്ങനെയുള്ള നിരവധി കേസുകൾ കൊടുത്തും കൊടുക്കാതെയും പലരേയും ഒഴിപ്പിച്ചിട്ടുമുണ്ട്. അക്കാരണങ്ങളാൽ ഈ അടകുടി കിടക്കുന്ന ആളുകൾ ബഹുമാനപ്പെട്ട മന്ത്രിയെ കണ്ട് ഇതിന് എന്തെങ്കിലും ഒരു പരിഹാരമുണ്ടാക്കുത്തരണമെന്ന പല അവസരങ്ങളിലും നിവേദനങ്ങൾ നടത്തുകയുണ്ടായി. ഇന്നത്തെ മന്ത്രിസഭയും ഇതിനു മുൻപിരുന്ന മന്ത്രിസഭയും ഇവരുടെ നിവേദനങ്ങളെ സ്വീകരിക്കുകയും അതിനു പരിഹാരമുണ്ടാക്കുവാൻ കഴിവുള്ളതു ശ്രമിക്കാമെന്ന സമാധാനം പറയുകയും ചെയ്തിട്ടുണ്ട്. ഈ അസംബ്ളിയിൽ വച്ചു തന്നെ ചോദ്യോത്തര അവസരങ്ങളിൽ ഇതേപ്പറ്റി പല ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ട്. മുൻപു ലാൻറ് മിനിസ്റ്ററായിരുന്ന മിസ്റ്റർ കേശവനും ഇന്നത്തെ ലാൻറ് മിനിസ്റ്ററായിരിക്കുന്ന മിസ്റ്റർ മക്കോസും ഈ വെറും പാട്ട കുടിയാനവന്മാരുടെ അവകാശത്തെ സംരക്ഷിക്കുന്നതിനും കുടിയിറക്കിനെ നിരോധിക്കുന്നതിനും എന്തെങ്കിലും നടപടികൾ നടത്തുന്നതാണെന്ന് ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിമാർ ഇപ്രകാരം പറയാതിരുന്നുവെങ്കിൽ ഇത്തരം ഒരു ബിൽ ഗവണ്മെൻറ് ഭാഗത്തു നിന്നും കൊണ്ടുവരുന്നതിനെ, സാങ്കേതികകാരണംകൊണ്ടായാലും ശരി, മറ്റു വല്ല കാരണമായാലും ശരി എതിർക്കുന്നതിനെ എനിക്കു മനസ്സിലാക്കുവാൻ കഴിയുമായിരുന്നു.

MR. A. K. PATCHU PILLAI : മിസ്റ്റർ സി കേശവൻ ലാൻറ് മിനിസ്റ്ററായിരുന്ന കാലത്തു വെറും പാട്ടക്കുടിയാനവന്മാരെ സംബന്ധിച്ച് ഒരു നിയമം കൊണ്ടുവരുമ്പോൾ ആ വിഷയത്തിൽ ബന്ധിച്ചിട്ടുള്ള എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. K. Patchu Pillai]

താൽപര്യങ്ങളെപ്പറ്റിയും ശരിയായി ആലോചിച്ചതിനുശേഷം മാത്രമേ കൊണ്ടുവരികയുള്ളു എന്നു ഞാൻ ചോദിച്ചു ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞതു ബഹുമാനപ്പെട്ട മെമ്പർ ഓർമ്മിക്കുന്നുണ്ടോ?

Mr. E. P. POULOSE : മിസ്റ്റർ കേശവൻ പറഞ്ഞ തരത്തിലുള്ള നിയമം ഉണ്ടാകാൻ പോകുന്നതേയുള്ളു. എന്നാൽ ഈ ബിൽ അങ്ങനെയുള്ളതല്ല. അങ്ങനെയുള്ള ബിൽ കൊണ്ടുവരുന്നതുവരെ കടിയിറക്കുതടയുന്നതിന് വേണ്ടി മാത്രമുള്ളതാണ്.

സർ, ഇങ്ങനെ മന്ത്രിമാരും നേതാക്കന്മാരും ഇവിടത്തെ അടകടി കിടപ്പുകാരോടും വെറുംപാട്ടകുടിയാനവന്മാരോടും ആശ്വാസപ്രദങ്ങളായ വാഗ്ദാനങ്ങളും ചെയ്തിട്ടുള്ളതനുസരിച്ചും അവരുടെ നിവേദനങ്ങളുടെ ഫലമായും ആണു ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതു്. ഇതു് എത്രയും വേഗത്തിൽ നിയമമാക്കേണ്ട അത്യാവശ്യമുണ്ടുതാനും. അല്ലാത്ത പക്ഷം വെറുംപാട്ടക്കുടിയാന്മാക്ക് ഏതെങ്കിലും സ്ഥിരാവകാശം അനുവദിക്കുന്ന ഒരു നിയമവും ഉണ്ടാക്കുന്നതല്ലെന്ന് വ്യക്തമായ പ്രഖ്യാപനം ഉടനെ ചെയ്യേണ്ടതാണ്. ഇപ്പോൾ വല്ല സാധുക്കളും വല്ല ധനവാന്മാരുടെയും വക ഒന്നോ രണ്ടോ ഏക്കർ സ്ഥലത്തു കൃഷിചെയ്തു അവരുടെ ജീവിതവൃത്തി നടത്തിക്കൊണ്ടുപോകുന്നുണ്ടെങ്കിൽ ഉടനെ ഒരു നിയമം വരാൻ പോകുന്നുവെന്നു കരുതി വസ്തു ഉടമസ്ഥന്മാർ പെട്ടെന്നു അവരെ ഒഴിപ്പിക്കുവാൻ ബദ്ധശ്രദ്ധരായിരിക്കുന്നു. ഈ സ്ഥലം ഉപേക്ഷിച്ചും വമ്പ് വേറെ തൊഴിലന്വേഷിച്ചു ഈ സാധുക്കൾ അലഞ്ഞുതിരിയേണ്ടിവരുന്നു. ഈ ബിൽ പാസ്സാക്കാതെ ഇരിക്കുന്ന പക്ഷം മേൽപറഞ്ഞ പ്രകാരമുള്ള പ്രഖ്യാപനംകൊണ്ടെങ്കിലും ജന്മിമാർ പാട്ടക്കാരോടു കുറേക്കൂടി ദയവായി പെരുമാറിയെന്നുവരാം.

എന്റെ ചില ബഹുമാന്യസ്നേഹിതന്മാർ ഈ ബില്ലിന് എതിരായിക്കൊണ്ടുവന്ന ആരോപണങ്ങളിൽ ചിലതു്, തത്വപരമായി നോക്കുമ്പോൾ, ശരിയാണെന്നു ഞാനും സമ്മതിക്കുന്നു. ഫാ ഠ ഏക്കർ സ്ഥലമുള്ള ഒരാൾ ഒരേക്കർ സ്ഥലം പാട്ടത്തിനു എടുത്തു കൃഷിചെയ്യുന്നുണ്ടെങ്കിൽ അയാളുടെ പക്കൽ നിന്നും ആ ഒരേക്കർ സ്ഥലം ഒഴിപ്പിച്ചെടുക്കുന്നതിൽ തെറ്റൊന്നുമില്ല. അങ്ങനെ ചില വൈകല്യങ്ങൾ ഇതിന്റെ വിശദാംശങ്ങളിലേക്കു കടക്കുമ്പോൾ കാണുവാൻ കഴിയും. അതെല്ലാം ആവശ്യമുള്ള ഭേദഗതികൾ വരുത്തി പരിഷ്ക്കരിക്കാവുന്നതും ഒട്ടൊക്കെ ഇതു് ഒരു പരീക്ഷണമാണെന്നു കരുതി സഹിക്കാവുന്നതുമാണ്. ഈ നിയമം തന്നെ ഒരു കൊല്ലത്തേക്കാണല്ലോ വച്ചിരിക്കുന്നതു്. വേണമെങ്കിൽ ആറുമാസത്തേക്കാക്കുന്നതിനും എനിക്കു വിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

വേറെ ഒരു വാദം ഇവിടെ ഉണ്ടായതു പൊറം പോക്ക സ്ഥലം പാട്ടത്തിനു കൊടുത്തു എന്നു വച്ചു ആ പാട്ടം വാങ്ങിയ ആളിനു ആ വസ്തുവിന്മേൽ ഒഴിയാതിരിക്കത്തക്കവണ്ണം എന്തെങ്കിലും അവകാശമുണ്ടാകുന്നു എന്നാണു്. ഇന്നു നിലവിലിരിക്കുന്ന നിയമപ്രകാരം, അതിനെ ആക്ഷേപിക്കുന്ന തത്വപ്രകാരം, ഒരവകാശവുമില്ലെന്നു വാദത്തിനുവേണ്ടി സമ്മതിക്കാമെങ്കിൽ തന്നെയും ഇപ്പോൾ ൨൦൦-ം, ൩൦൦-ം ഫീക്കർ സ്ഥലങ്ങളും കൈവശംവച്ചു അനുഭവിച്ചുകൊണ്ടിരിക്കുന്നവരുടെ പക്കൽ നിന്നും അധികമുള്ള ഭൂമികളും തിരിയെ എടുക്കണമെന്നു വാദിക്കുന്നതു ഏതു തത്വത്തെ അടിസ്ഥാനമാക്കിയാണോ ആ തത്വം വച്ചു നോക്കുമ്പോൾ വെറും പാട്ടക്കുടിയാനവൻ അവൻ താമസിക്കുന്ന സ്ഥലത്തു നിന്നും ഒഴിപ്പിക്കപ്പെടുന്നതിനെ സാധൂകരിക്കാവുന്നതല്ല എന്നും കൂടി സമ്മതിക്കേണ്ടതാണു്. ഏതായിരുന്നാലും ഈ കഴപ്പുകളെല്ലാം ഇപ്പോൾ നാം തന്നെ ഉണ്ടാക്കിയതിനുശേഷം അടിക്കടി സാധുക്കളായ പാട്ടക്കുടിയാനവന്മാരെ അടിച്ചു പുറത്തിറക്കുന്നതിനുള്ള പരിതഃസ്ഥിതികൾ നാം സൃഷ്ടിച്ചതിനുശേഷം ഇനി ഇതുപ്പറ്റി ഒരു നിയമവും വേണ്ടാ എന്നു പറയുന്നതു ഒരിക്കലും നീതീകരിക്കത്തക്കതല്ല. ഇതുപോലെ ചെപ്പടിവിദ്യയായ നിലയ്ക്കു കൃത്രിമമായ കേസുകൾ തന്നെ അനവധിയുണ്ടാകാനിടയുണ്ടു്.

സർ, ഇത്തരം ഒരു ബിൽ ഇവിടെ മാത്രമല്ല പാസാക്കുന്നതു്. കൊച്ചിയിലും ഇതുപോലെ ഒരു ബിൽ കൊണ്ടുവന്നു. എന്നാൽ ആ ബില്ലിൽ ചില കുറവുകൾ കണ്ടതിന്റെ ഫലമായി അവയെല്ലാം പരിഹരിച്ചു നിയമമുണ്ടാക്കുന്നതുവരെ കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടു വെറുംപാട്ട കുടിയാനവന്മാർക്കു ആശ്വാസം നൽകിക്കൊണ്ടു ഒരു റായൽ പ്രോക്ലമേഷൻ പുറപ്പെടുവിച്ചു. അതിൽ വെറുംപാട്ടം മാത്രമല്ല റെറിയെക്കുടി ഉൾപ്പെടുത്തിയിട്ടുണ്ടു്. ഇവിടേയും വെറുംപാട്ട കുടിയാനവന്മാർക്കു ആശ്വാസം നൽകേണ്ടതുണ്ടെന്നു ഗവണ്മെന്റിനും നമുക്കും ബോദ്ധ്യപ്പെട്ടതിന്റെ ഫലമായിട്ടാണു ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതു്. എന്റെ സ്വന്തം അഭിപ്രായം പറയുകയാണെങ്കിൽ വെറുംപാട്ടവസ്തുക്കൾ മാത്രമല്ല മറ്റെല്ലാതരം വസ്തുക്കളേയും കുടി ബാധിക്കത്തക്ക നിലയിൽ വേണ്ട ഭേദഗതിയോടുകുടി ഈ നിയമം പാസ്സാക്കുന്നതിനും എനിക്കു വിരോധമില്ല. ഇതു ഒരു താൽക്കാലിക നിയമം മാത്രമാണു്. രാജ്യത്തു സമാധാനവും സംതൃപ്തിയും വേണമെന്നു ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഈ നിയമം ഉടനെ പാസാക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. C. NARAYANA PILLAI : (*MaveliKara I—General*) : സർ, ഞാൻ ഈ ബില്ലിന്റെ തത്വത്തോട് അനുകൂലിക്കുന്നു. ഈ ബിൽ തിരുവിതാംകൂറിന്റെ ഭൂനയത്തെ വിശദീകരിക്കുന്നില്ലെന്നുള്ളതു് വാസ്തവം തന്നെ. എന്നാൽ അതു കാരണത്തെ അടിസ്ഥാനമാക്കി ഈ ബില്ലിനെ എതിർക്കുവാൻ ഞാൻ തയാറാകുന്നില്ല. കഴിഞ്ഞ ഏഴെട്ടുമാസക്കാലം നടന്നതു പോലെതന്നെ ഈ ഗവണ്മെന്റിനും തിരുവിതാംകൂർ ഗവണ്മെന്റിന്റെ ഭൂമിനയത്തെപ്പറ്റി യാതൊന്നും തന്നെ പറയാതെയും യാതൊരു അഭിപ്രായവും പ്രസ്താവിക്കാതെയും വേണമെങ്കിൽ മൗനമായി കഴിക്കാമായിരുന്നു. അതു ചെയ്യാതെ ഇവിടത്തെ ഭൂനയത്തെപ്പറ്റിയും ഭൂമി കൈമാറ്റം ചെയ്യുന്നതിനെ സംബന്ധിച്ചും വസ്തുക്കൾ കഴിപ്പിക്കുന്നതിനെ സംബന്ധിച്ചും മറ്റും സുനിശ്ചിതമായ ഒരു നയം ഗവണ്മെന്റു കൈക്കൊള്ളാൻ തയാറായിരിക്കുന്നുവെന്നു കാണിക്കുന്ന ഒരു തെളിവായിട്ടെങ്കിലും; ഇതിനെ സ്വാഗതം ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഗവണ്മെന്റിനു എത്രകാലം വേണമെങ്കിലും, ഇവിടെ ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതി നടപ്പിലാക്കണമെന്നും എന്നാൽ ആ സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുടെ രൂപം ഇൻഡ്യയിൽ സോഷ്യലിസം വന്നതിനുശേഷം മാത്രമെ കൈക്കൊള്ളാൻ നിവൃത്തിയുള്ളുവെന്നും അതുകൊണ്ടു അതിനു ശേഷം മാത്രമേ ഇവിടെ സോഷ്യലിസം നടപ്പിലാക്കുന്നതിനെപ്പറ്റി ചിന്തിക്കുവാൻ നിവൃത്തിയുള്ളുവെന്നും പറഞ്ഞു ഈ പ്രശ്നത്തെ അഭിമുഖീകരിക്കാതെ കഴിക്കാം. ഈ പാട്ടക്കുടിയാൻ ബിൽ, ഗവണ്മെന്റു ഈ പ്രശ്നത്തെ നേരിടുവാനുള്ള സംരംഭങ്ങളുടെ ഒരു നാന്ദിയാണെന്നു ഞാൻ വിചാരിക്കുന്നു. തിരുവിതാംകൂറിൽ ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതി ഉണ്ടാകണമെന്നും ഒരു സ്ഥിതിസമത്വസാമ്പത്തികസംഘടനസ്ഥാപിക്കണമെന്നും പറയുന്നവർ പോലും ഈ നിയമത്തെ എതിർക്കുന്നതായി കാണുമ്പോൾ ഇവർ എത്ര ആത്മാർത്ഥതയോടുകൂടിയാണു് ഈ ആദർശപ്രസംഗങ്ങളെല്ലാം ചെയ്യുന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇവിടെ യഥാർത്ഥത്തിൽ ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതി നടപ്പിൽ വരുത്തണമെന്നുണ്ടെങ്കിൽ അതു ഒരു രാത്രികൊണ്ടു വരുത്തിക്കളയാം എന്നു ആരും വ്യാമോഹിക്കേണ്ടാ. പടിപ്പടിയായി സോഷ്യലിസത്തിലേക്കു പോകുവാൻ മാത്രമെ ഇൻഡ്യയെപ്പോലെയോ തിരുവിതാംകൂറിനെപ്പോലെയോ ഉള്ള ഒരു രാജ്യത്തിനു സാധ്യമാകയുള്ളൂ. എന്റെ സ്നേഹിതൻ മി. കുഞ്ഞിത്തൊമ്മൻ ഇതു ഒരു വിപ്ലവകരമായ നിയമമാണെന്നു പറഞ്ഞു പരിഭ്രാന്തിപ്പെടുത്തുന്നതു കണ്ടപ്പോൾ ഈ നിയമത്തിൽ വസ്തു ഉടമ പൊയ്പോകുന്ന വല്ല വകുപ്പും ഉണ്ടോ എന്നു അറിയുവാനായി ഞാൻ ഈ

LIBRARY ARCHIVES Kerala Legislative Assembly

ബ്ബിൽ ഒരിക്കൽക്കൂടി വായിച്ചുനോക്കി. പാട്ടം കൊടുത്തിരിക്കുന്ന വസ്തു ഒരു കൊല്ലത്തേക്കു ഒഴിപ്പിക്കാൻ പാടില്ല എന്നല്ലാതെ ഒന്നുംതന്നെ ഈ ബില്ലിലുള്ളതായി ഞാൻ കണ്ടില്ല. കഴിഞ്ഞ പ്രാ കൊല്ലക്കാലമായി പാട്ടം വാങ്ങി വസ്തു കൈവശം വച്ചനുഭവിച്ചുകൊണ്ടിരിക്കുന്നവരുടെ പക്കൽനിന്നും ആ വസ്തു ഒരു കൊല്ലത്തേക്കു ഒഴിപ്പിച്ചുകൂടാ എന്നു മാത്രമെ ബില്ലിൽ പറയുന്നുള്ളൂ. ഈ വ്യവസ്ഥ ഭൂടമയെ ഏതെങ്കിലും വിധത്തിൽ താറുമാറാക്കുന്നുണ്ടോ എന്നും പാട്ടവസ്തുക്കളിൽനിന്നും വസ്തു ഉടമസ്ഥനു ലഭിക്കുന്ന ആദായത്തെ ഇല്ലായ്മചെയ്യുന്നുണ്ടോ എന്നും ഈ സ്നേഹിതന്മാർ ഒന്നുകൂടി ചിന്തിച്ചുനോക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞതുപോലെ ഈ ബില്ലിൽ അവ്യാപ്തിയും അതിവ്യാപ്തിയും ഉണ്ടെന്നു ഞാൻ സമ്മതിക്കാം. ഇതിന്റെ വിശദാംശങ്ങളിലേക്കു കടക്കുമ്പോൾ മറ്റുചില ചില്ലറ ന്യൂനതകണ്ടുവെന്നും വരാം. എന്നാൽ അടുത്തകാലത്തുണ്ടാകാൻപോകുന്ന ഒരു ഭൂനയത്തിന്റെ കേവലം ഒരു നാന്ദിമാത്രമാണ് ഈ നിയമമെന്നു ഗണിക്കാതിരിക്കുവാൻ സാദ്ധ്യമല്ല. പാട്ടവസ്തുക്കൾ ഒരു കൊല്ലത്തേക്കു ഒഴിപ്പിച്ചില്ലെന്നുവച്ച് ജന്മിമാരായാലുംകൊള്ളാം ഭൂമി ഉടമസ്ഥരായാലുംകൊള്ളാം, നായരായാലുംകൊള്ളാം, ക്രിസ്ത്യാനിയായാലുംകൊള്ളാം, ഇവരാരും പാതാളത്തേക്കു താഴുവാൻ പോകുന്നില്ല. അതുകൊണ്ടു, രാജ്യമൊട്ടാകെ നാമിപ്പോൾ കേട്ടുകൊണ്ടിരിക്കുന്ന മുറവിളിയെ പരിഗണിച്ചുകിലും അൽപസ്വൽപം ന്യൂനതയുള്ളതാണെങ്കിൽത്തന്നെയും ഈ നിയമം ഇപ്പോൾ സ്വീകരിച്ചേതീരൂ. ഈ നിയമത്തെ സ്വാഗതംചെയ്യാതെയും ഇപ്പോൾ കൈവശംവച്ചുകൊണ്ടിരിക്കുന്നതു ഒരിക്കലും വിട്ടുകൊടുക്കുകയില്ല എന്ന നിർബന്ധബുദ്ധിയോടും ഇരിക്കുന്ന ജന്മിമാരാകട്ടെ ഭൂമിഉടമസ്ഥനാകട്ടെ, ഭൂമി ഉടമസ്ഥരാകട്ടെ ഒരഗ്നിപർവതത്തിന്റെ മുകളിലാണു തങ്ങൾ ഇരിക്കുന്നതെന്നുള്ള കാര്യം അവർ വിസ്മരിക്കരുതു്. ആ പർവതം എപ്പോഴാണു പൊട്ടുന്നതെന്നു ആർക്കും നിശ്ചയമില്ല. ഈ വസ്തുത അവർ ഓർമ്മിക്കണം. ഇന്നലെയൊ മിനിയാന്നോ ബാലരാമപുരത്തുവച്ചുനടന്നകൂടിയിറക്കിനെപ്പറ്റി നാം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ചേർത്തലയിലും അമ്പലപ്പുഴയിലും മാത്രമല്ല, പറവൂർ മുതൽ കന്യാകുമാരിവരെ ഇതു സംബന്ധിച്ചുള്ള കലാപങ്ങളും നാം എപ്പോഴും കേട്ടുകൊണ്ടിരിക്കുകയാണു്. അതുകൊണ്ടു ഒരു വർഷത്തേക്കു ഈ സാധുക്കളുടെ പക്കൽനിന്നും വസ്തു ഒഴിപ്പിക്കുന്നകാര്യം മാറ്റിവയ്ക്കണമെന്നതിനെപ്പറ്റിയുള്ള ഒരു നിയമം ഈ നിയമസഭയിൽ ഹാജരാക്കുമ്പോൾ ഇത്രവളരെ പരിഭ്രാന്തിയും വ്യസനവും കാണിക്കുകയും ആ നിയമത്തെ എതിർക്കുകയും ചെയ്യുന്നതിൽ എനിക്കു അനൽപമായ കൗതുകമുണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. Narayana Pillai]

ഏകദേശം മുന്നമിനിട്ടുകൂടി കഴിയുമ്പോൾ ഒരു അടയന്തിരപ്രമേയം ഇവിടെ വാദപ്രതിവാദംചെയ്യാൻ പോകുന്നുണ്ട്. ഇവിടത്തെ ഈ കടിയിറക്കം പാട്ടംകൊടുത്തിരിക്കുന്ന വസ്തുക്കളിൽനിന്നു ആളുകളെ ഒഴിപ്പിക്കലും ഗവൺമെൻറിനു ഒരു നിയമംമൂലമല്ലാതെ എങ്ങനെ തടയാൻ സാധിക്കും? അതിനു ഗവൺമെൻറിൻെറ ഹസ്തങ്ങളെ ശക്തമാക്കുന്ന ഒരു നിയമം ഇപ്പോൾ ഗവൺമെൻറിനില്ല. ഒന്നുകിൽ അങ്ങനെ ഒരു നിയമം ഇവിടെ പാസ്സാക്കണം, അല്ലാത്തപക്ഷം മഹാരാജാവുതിരുമനസ്സുകൊണ്ടു ഒരു വിളംബരംമുഖേന ഇതു തടഞ്ഞുകൊണ്ടു ഒരു പ്രഖ്യാപനം ചെയ്യണം. മഹാരാജാവുതിരുമേനി ഒരു വിളംബരം മുഖേന പ്രഖ്യാപനം ചെയ്യുന്ന നിയമങ്ങളെ എപ്പോഴും എതിർത്തിട്ടുള്ളവർക്കു ഇപ്പോഴും അതു സ്വീകരിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ടു ഈ നിയമം ഉടനടിതന്നെ സ്വീകരിച്ചു പാസാക്കണമെന്നാണു എൻെറ അഭിപ്രായം.

At this stage the President (the hon'ble Mr. R. V. Thomas) occupied the chair.

MR. T. T. KESAVAN SASTRI: സർ, ഞാൻ ഈ ബില്ലിൻെറ തത്വത്തെ അനുകൂലിക്കുന്നു. ഈ ബില്ലിൻെറ അവതരണം ജനകീയ ഗവൺമെൻറിൻെറ കർത്തവ്യത്തെ കാണിക്കുന്നുണ്ടു്. ഈ വിധം ഒരു നിയമം ഇവിടെ എന്തുകൊണ്ടും അത്യാവശ്യമായിട്ടാണിരിക്കുന്നതു. ഈ തിരുവിതാംകൂർ ജനതയുടെ പൊതുനിലയാണു് നാം വീക്ഷിക്കേണ്ടതു്

ANNOUNCEMENT RE EXTENSION OF THE SITTING OF THE ASSEMBLY

MR. PRESIDENT: ആർഡർ, ആർഡർ. ഈ സമ്മേളനത്തിൽ നടത്തണമെന്നു് ഉദ്ദേശിച്ചിരുന്ന നിയമനിർമ്മാണ ജോലികൾ ധാരാളം ബാക്കികിടക്കുന്നതുകൊണ്ടു് തിങ്കളാഴ്ചയും ചൊവ്വാഴ്ചയുംകൂടി സഭകൂടാൻ തീരുമാനിച്ചിരിക്കുന്നു. ആദിവസങ്ങൾ ഔദ്യോഗിക ചർച്ചകൾക്കായി വിനിയോഗിക്കുന്നതാണു്. ഇപ്പോൾ മണി നാലായിരിക്കുന്നു. അടിയന്തിരപ്രമേയത്തെപ്പറ്റിയുള്ള ചർച്ച ആരംഭിക്കുന്നതാണു്.

DEBATE ON ADJOURNMENT MOTION RE-EVICTION AT MARUTHUR IN NEYYATTINKARA TALUK

MR. T. A. MOIDEEN KUNJU: സർ, ഞാൻ അവതരിപ്പിക്കുന്ന പ്രമേയം ഇതാണു്. "നെയ്യാറ്റിൻകര മരുതൂർഎന്ന സ്ഥലത്തു് ഒ-ടെ-ഫ ർ-ൽ ഫ ടെ വീട്ടുകാരെ പോലീസ് സഹായത്തോടുകൂടി കുടിയിറക്കിയതുമൂലം ആവിർഭവിച്ചിരിക്കുന്ന അടിയന്തിരവും പൊതുപ്രാധാന്യവും ഉള്ള വ്യക്തമായ സംഗതികളെപ്പറ്റി വാദപ്രതിവാദം നടത്തുന്നതിനായി മറ്റെല്ലാ നടപടിക്രമം മാറ്റിവയ്ക്കണമെന്നു് ഞാൻ ആവശ്യപ്പെടുന്നു."

LIBRARY ARCHIVES Kerala Legislative Assembly